# പതിനഞ്ചാം കേരള നിയമസഭ

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2023-2026)

## പതിനെട്ടാമത് റിപ്പോർട്ട്

(2026 ഫെബ്രുവരി മാസം 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പതിനഞ്ചാം കേരള നിയമസഭയുടെ പരിസ്ഥിതി സംബന്ധിച്ച സമിതി (2021-23)യുടെ നാലാമത് റിപ്പോർട്ടിലെ (സംസ്ഥാനത്തെ കാവുകളുടെ സംരക്ഷണവും പരിപാലനവും സംബന്ധിച്ച്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2026

# പതിനഞ്ചാം കേരള നിയമസഭ

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2023-2026)

## പതിനെട്ടാമത് റിപ്പോർട്ട്

(2026 ഫെബ്രുവരി മാസം 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പതിനഞ്ചാം കേരള നിയമസഭയുടെ പരിസ്ഥിതി സംബന്ധിച്ച സമിതി (2021-23)യുടെ നാലാമത് റിപ്പോർട്ടിലെ (സംസ്ഥാനത്തെ കാവുകളുടെ സംരക്ഷണവും പരിപാലനവും സംബന്ധിച്ച്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച്]**

# ഉള്ളടക്കം


| | പേജ് |
|---|---|
| സമിതിയുടെ ഘടന | ... |
| ആമുഖം | ... |
| അധ്യായം I : റിപ്പോർട്ട് | ... |
| അധ്യായം II : സമിതിയുടെ ശിപാർശകളും അവയിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശവും | ... |
| അധ്യായം III : നടപടി റിപ്പോർട്ട് ലഭ്യമാക്കാത്ത ശിപാർശകളുടെ വിശദാംശങ്ങൾ | ... |
| അധ്യായം IV : സമിതിയുടെ തുടർ ശിപാർശകൾ/ നിർദ്ദേശങ്ങൾ | ... |
| അനുബന്ധം | ... |

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2023-2026)

**ഘടന**

**ചെയർപേഴ്സൺ :**

ശ്രീ. ഇ.കെ. വിജയൻ

**അംഗങ്ങൾ :**

ശ്രീ. പി.കെ. ബഷീർ

ശ്രീ. ജോബ് മൈക്കിൾ

ശ്രീ. ലിന്റോ ജോസഫ്

ശ്രീ. ടി.ഐ. മധുസൂദനൻ

ശ്രീ. മോൻസ് ജോസഫ്

ശ്രീ. കെ.ഡി. പ്രസേനൻ

ശ്രീമതി. യു. പ്രതിഭ

ശ്രീ. സജീവ് ജോസഫ്

**നിയമസഭാ സെക്രട്ടേറിയറ്റ് :**

ശ്രീ. ഷാജി സി. ബേബി., സെക്രട്ടറി-ഇൻ-ചാർജ്ജ്

ശ്രീമതി രജനി വി. ആർ., അഡീഷണൽ സെക്രട്ടറി

ശ്രീ. ഹരിശങ്കർ പി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ഹരീന്ദ്രൻ കെ., അണ്ടർ സെക്രട്ടറി

# ആമുഖം

പതിനഞ്ചാം കേരള നിയമസഭയുടെ പരിസ്ഥിതി സംബന്ധിച്ച സമിതി (2021-23) യുടെ നാലാമത് റിപ്പോർട്ട് (സംസ്ഥാനത്തെ കാവുകളുടെ സംരക്ഷണവും പരിപാലനവും സംബന്ധിച്ച്) 16.03.2022-ൽ കൂടിയ സമിതിയോഗം അംഗീകരിച്ച് 2022 മാർച്ച് മാസം 18-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ടാണിത്.

2026 ഫെബ്രുവരി മാസം 23-ാം തീയതി കൂടിയ സമിതിയോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഇ.കെ. വിജയൻ,
ചെയർപേഴ്സൺ,
പരിസ്ഥിതി സംബന്ധിച്ച സമിതി.

തിരുവനന്തപുരം,
2026 ഫെബ്രുവരി 24

## അധ്യായം I

## റിപ്പോർട്ട്

പതിനഞ്ചാം കേരള നിയമസഭയുടെ പരിസ്ഥിതി സംബന്ധിച്ച സമിതി (2021-23) യുടെ നാലാമത് റിപ്പോർട്ട് (സംസ്ഥാനത്തെ കാവുകളുടെ സംരക്ഷണവും പരിപാലനവും സംബന്ധിച്ച്) 2022 മാർച്ച് മാസം 18-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. ജൈവവൈവിധ്യത്താൽ സമ്പന്നമായ നിത്യഹരിത വനങ്ങളുടെ ചെറുരൂപമാണ് വിശുദ്ധ വനങ്ങൾ അഥവാ കാവുകൾ. സംസ്ഥാനത്ത് കാവുകളുടെ എണ്ണവും വിസ്തൃതിയും ദൈനംദിനം കുറഞ്ഞു കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ അവശേഷിക്കുന്ന കാവുകളുടെ പരിപാലനവും സംരക്ഷണവും ഉറപ്പുവരുത്തുന്നതിന് വേണ്ടി പരിസ്ഥിതി സംബന്ധിച്ച സമിതി പ്രസ്തുത വിഷയത്തിന്മേൽ സ്വതന്ത്ര പഠനം നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നുള്ള തെളിവെടുപ്പ്, സ്ഥല സന്ദർശനം, വിവരശേഖരണം എന്നിവയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ടിൽ 23 ശിപാർശകളാണ് ഉൾപ്പെടുത്തിയിരുന്നത്.

റിപ്പോർട്ടിലെ 2, 3, 5, 8, 10, 15, 16, 18 ശിപാർശകളിന്മേൽ തദ്ദേശ സ്വയംഭരണ വകുപ്പും 3, 5, 6 ശിപാർശകളിന്മേൽ റവന്യൂ (ദേവസ്വം) വകുപ്പും ശിപാർശ 20 ന്മേൽ ഉന്നത വിദ്യാഭ്യാസ വകുപ്പും ശിപാർശ 19 ന്മേൽ വിനോദസഞ്ചാര വകുപ്പും നാളിതുവരെ റിപ്പോർട്ട് ലഭ്യമാക്കാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു.

സമിതി ശിപാർശകളിന്മേലുള്ള നടപടി റിപ്പോർട്ടിനായി 05.07.2022 തീയതിയായി തദ്ദേശസ്വയംഭരണ വകുപ്പിന് റിപ്പോർട്ടിന്റെ പകർപ്പ് അയയ്ക്കുകയും തുടർന്ന് ഓർമ്മക്കുറിപ്പുകൾ അയയയ്ക്കുകയും ചെയ്തിരുന്നുവെങ്കിലും റിപ്പോർട്ട് കൈപ്പറ്റിയതായിപ്പോലും അറിയിച്ചിട്ടില്ലായെന്നത് തദ്ദേശസ്വയഭരണ വകുപ്പിന്റെ ഭാഗത്തു നിന്നുള്ള ഗുരുതരമായ അലംഭാവമായി സമിതി വിലയിരുത്തുന്നു.

പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ വിവിധ വകുപ്പുകൾ ലഭ്യമാക്കിയതും സമിതി അംഗീകരിച്ചതുമായ നടപടി പത്രികകൾ രണ്ടാം അധ്യായമായി ചേർത്തിരിക്കുന്നു. നടപടി റിപ്പോർട്ടുകൾ ലഭ്യമാകാത്ത ശിപാർശകളുടെ വിശദാംശം മൂന്നാം അധ്യായമായും സമിതി തുടർശിപാർശകൾ നാലാം അധ്യായമായും ചേർത്തിരിക്കുന്നു.

## അധ്യായം II

## സമിതിയുടെ ശിപാർശകളും അവയിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശവും.

### ശിപാർശ നമ്പർ 1

കാവുകളുടെ സംരക്ഷണ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന് 'കാവ്' എന്ന വാക്കിന് സമഗ്രമായ നിർവ്വചനം ആവശ്യമായതിനാൽ വനം-വന്യജീവി വകുപ്പിന്റെ ആഭിമുഖ്യത്തിൽ ബന്ധപ്പെട്ട വകുപ്പുകൾ/ഏജൻസികളുമായി കൂടിയാലോചിച്ച് 'കാവ്' എന്ന വാക്കിന് സമഗ്രവും സമ്പൂർണ്ണവുമായ നിർവ്വചനം തയ്യാറാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

### വനം-വന്യജീവി (ഇ) വകുപ്പ്

(സർക്കാർ കത്ത് നം. ഇ1/62/2019/വനം, തീയതി 03.10.2024)

വനം വകുപ്പ് കേരള വന ഗവേഷണ കേന്ദ്രവുമായി കൂടിയാലോചന നടത്തിയതിന്റെ

അടിസ്ഥാനത്തിൽ എത്തിച്ചേർന്ന 'കാവ്' എന്ന വാക്കിന്റെ നിർവ്വചനം ചുവടെ ചേർക്കുന്നു:

'ആചാരങ്ങളുടെയും, വിശ്വാസങ്ങളുടെയും അടിസ്ഥാനത്തിൽ സംരക്ഷിച്ചു പോരുന്ന വനശകലങ്ങളാണ്/സസ്യസഞ്ചയമാണ്/സൂക്ഷ്മ വനങ്ങളാണ് കാവുകൾ'.

(14.11.2024-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

**പരിസ്ഥിതി (എ) വകുപ്പ്**

(സർക്കാർ കത്ത് നം. A2/99/2022-ENVT, തീയതി 15.02.2025)

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് നടത്തിയ കാവുകളുമായി ബന്ധപ്പെട്ട പഠന റിപ്പോർട്ടിൽ കാവുകളുടെ നിർവ്വചനം ഇപ്രകാരമാണ്. - "ആചാരപരമായ ആവശ്യങ്ങൾക്കായി ക്ഷേത്രങ്ങളുടെ അടുത്തോ അല്ലാതെയോ മരങ്ങളും മറ്റ് സസ്യലതാദികളും വന്യജീവികളും ഉൾപ്പെടെയുള്ള ജീവജാലങ്ങളെ ജനസമൂഹമോ/ആരാധനാലങ്ങളോ സംരക്ഷിച്ചു പോരുന്ന നിത്യഹരിത വനങ്ങളുടെ ചെറു രൂപങ്ങളാണ് കാവുകൾ.

(14.05.2025-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

**ശിപാർശ നമ്പർ 2**

കാവുകളെ വനമായി പ്രഖ്യാപിക്കാതെ വനം-വന്യജീവി നിയമ പ്രകാരമോ, ഉടമസ്ഥരുടെ സമ്മതത്തോടെയല്ലാതെ ജൈവവൈവിധ്യ നിയമ പ്രകാരമോ കാവുകളെ സംരക്ഷിക്കാനാകില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ ബന്ധപ്പെട്ട വകുപ്പുകൾ ചേർന്ന് ഒരു കമ്മിറ്റി രൂപീകരിച്ച് പ്രസ്തുത കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ കാവുകളെ സംബന്ധിച്ച് വിശദമായ കണക്കെടുപ്പും വിവരശേഖരണവും പഠനവും നടത്തി ആയതിന്റെ അടിസ്ഥാനത്തിൽ കാവുകളുടെ സംരക്ഷണത്തിനായി ഒരു വകുപ്പിനെ പ്രത്യേകമായി ചുമതലപ്പെടുത്തണമെന്നും പ്രസ്തുത വകുപ്പിന് കീഴിൽ കാവുകളുടെയും അനുബന്ധ ജലസ്രോതസ്സുകളുടേയും സംരക്ഷണ പ്രവർത്തനങ്ങൾ, പദ്ധതികൾ എന്നിവ നിയന്ത്രിക്കുന്നതിനായി ഒരു അതോറിറ്റി രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്ന സമഗ്രമായ നിയമനിർമ്മാണം നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**വനം-വന്യജീവി (ഇ) വകുപ്പ്**

(സർക്കാർ കത്ത് നം. ഇ1/62/2019/വനം, തീയതി 03.10.2024)

കാവുകൾ നിലവിലെ ഉടമസ്ഥരിൽ തന്നെ നിലനിർത്തി ഉടമസ്ഥരുടെ സഹകരണത്തോടെ സംരക്ഷണം നടത്തുന്നതിന് ആവശ്യമായ ധനസഹായമാണ് വനം വകുപ്പ് നിലവിൽ നൽകി വരുന്നത്. മേൽ പദ്ധതി പ്രകാരം ധനസഹായം നൽകുന്ന കാവുകളുടെ തുടർ പരിപാലനം പ്രസ്തുത സ്ഥലത്തിന്റെ ഉടമസ്ഥരിലാണ് നിക്ഷിപ്തമായിരിക്കുന്നത്. കാവുകൾ ഭൂരിഭാഗവും സ്വകാര്യ ഉടമസ്ഥതയിലായതിനാലും വിശ്വാസത്തിന്റെ ഭാഗമായതിനാലും നിയമ നിർമ്മാണം നടത്തി സർക്കാർ ഉടമസ്ഥതയിലേയ്ക്ക് മാറ്റുന്നത് പ്രായോഗികമല്ല എന്ന് ബോധിപ്പിക്കുന്നു.

(14.11.2024-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

**പരിസ്ഥിതി (എ) വകുപ്പ്**

(സർക്കാർ കത്ത് നം. A2/99/2022-ENVT, തീയതി 15.02.2025)

കാവുകളുടെ എണ്ണം, വിസ്തൃതി, ജൈവ വൈവിധ്യം എന്നിവയെക്കുറിച്ചുള്ള വിവര ശേഖരണ

പഠനങ്ങൾ വിവിധ കാലയളവുകളിലായി സംസ്ഥാന ജൈവവൈവിധ്യ ബോർഡിൽ നിന്നും നടത്തിയിട്ടുണ്ട്. കാവുകളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട വിഷയം വനം-വന്യജീവിയും വകുപ്പിലാണ് നടന്നു വരുന്നത്. സംസ്ഥാന ജൈവവൈവിധ്യ ബോർഡ് തയ്യാറാക്കിയിട്ടുള്ള കാവുകളുടെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ള കാവുകളുടെ പട്ടികയുടെ പകർപ്പ് വനം-വന്യജീവിയും വകുപ്പിന് ലഭ്യമാക്കിയിട്ടുണ്ട്.

(14.05.2025-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

**ശിപാർശ നമ്പർ 3**

ഏതൊരു ഭൂമിക്കും വസ്തുവിനുമെന്ന പോലെ കാവുകളുടെ ഉടമസ്ഥത തെളിയിക്കുന്നതിന് വില്ലേജ് ഓഫീസറുടെ കൈവശാവകാശ സർട്ടിഫിക്കറ്റും പട്ടയ രേഖയും കരമടച്ച രസീതും പ്രമാണവും ആണ് സ്വീകരിക്കാവുന്ന രേഖകളെന്ന് വിവിധ വകുപ്പുകൾ അറിയിച്ചിരിക്കുന്നു. എന്നാൽ പല കാവുകളും പാരമ്പര്യമായി തറവാട്ടുകളുടെയും ട്രസ്റ്റുകളുടെയും മറ്റും കീഴിൽ വരുന്നതായും പല കാവുകളുടെയും ഉടമസ്ഥതയിൽ തർക്കം നിലനിൽക്കുന്നതായും സമിതി മനസ്സിലാക്കുന്നു. ഈ സാഹചര്യത്തിൽ മേൽപ്പറഞ്ഞ രേഖകൾ മാത്രം കാവുകളുടെ സംരക്ഷണത്തിന് പര്യാപ്തമല്ലെന്നതിനാൽ ഉടമസ്ഥതയിലുള്ള സങ്കീർണ്ണത ഒഴിവാക്കുന്നതിനും കാവിന്റെ സംരക്ഷണ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതിനും പര്യാപ്തമായ മറ്റു രേഖകൾ എന്തൊക്കെയായിരിക്കണമെന്ന് തീരുമാനിക്കുന്നതിനായി റവന്യൂ വകുപ്പിന്റെ മേൽനോട്ടത്തിൽ വനം-വന്യജീവി, പരിസ്ഥിതി, സാംസ്കാരിക-പുരാവസ്തു, തദ്ദേശ സ്വയംഭരണ വകുപ്പുകൾ ചേർന്ന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**വനം-വന്യജീവി (ഇ) വകുപ്പ്**

(സർക്കാർ കത്ത് നം. ഇ1/62/2019/വനം, തീയതി 03.10.2024)

ഏതൊരു ഭൂമിക്കും വസ്തുവിനുമെന്ന പോലെ കാവുകളുടെ ഉടമസ്ഥത തെളിയിക്കുന്നതിന് വില്ലേജ് ഓഫീസർ നൽകുന്ന കൈവശാവകാശ സർട്ടിഫിക്കറ്റും പട്ടയ രേഖയും കരമടച്ച രസീതും പ്രമാണവും ആണ് നിലവിൽ കാവ് സംരക്ഷണ പദ്ധതിക്ക് സ്വീകരിക്കുന്ന രേഖകൾ. വനം വകുപ്പിന്റെ ധനസഹായത്തിന് അപേക്ഷിക്കുന്ന കാവുകളുടെ ഉടമസ്ഥാവകാശം ഫീൽഡ് തലത്തിൽ ബന്ധപ്പെട്ട വനം വകുപ്പ് ഉദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പു വരുത്തുന്നുണ്ട്. സ്വകാര്യ വ്യക്തികളുടെ അധീനതയിൽ വരുന്ന കാവുകളുടെ സംരക്ഷണം വനം വകുപ്പിന്റെ പരിധിയിൽ വരുന്നില്ല. കാവിന്റെ വികസനത്തിനും നിലനിൽപിനും ആവശ്യമായ ധനസഹായം നൽകുക എന്നതൊഴിച്ചാൽ തുടർ പരിപാലനവും സംരക്ഷണവും ഉടമസ്ഥരിൽ മാത്രം നിക്ഷിപ്തമാണ്.

(14.11.2024-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

**പരിസ്ഥിതി (എ) വകുപ്പ്**

(സർക്കാർ കത്ത് നം. A2/99/2022-ENVT, തീയതി 15.02.2025)

വ്യക്തികളുടെ, കുടുംബങ്ങളുടെ, സമുദായങ്ങളുടെ, ട്രസ്റ്റിന്റെ, അമ്പലങ്ങളുടെ ഉൾപ്പെടെ ഭൂമിയുടെ ഉടമസ്ഥാവകാശവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ റവന്യൂ വകുപ്പിൽ നിന്നുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കാവുകളുടെ ഉടമസ്ഥത നിർണ്ണയിക്കാവുന്നതാണ്. ഇക്കാര്യത്തിലുള്ള പരിസ്ഥിതി വകുപ്പിന്റെ അഭിപ്രായം റവന്യൂ വകുപ്പിനെ അറിയിച്ചിട്ടുണ്ട്.

(14.05.2025-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

**സാംസ്കാരികകാര്യ (ബി) വകുപ്പ്**

(സർക്കാർ കത്ത് നം. ബി1/12/2022-സാം.ക.വ, തീയതി 03.07.2025)

ചരിത്രമൂല്യമുള്ള രേഖകൾ കണ്ടെത്തി അവ വകുപ്പിലേക്ക് ഏറ്റെടുത്ത് ശാസ്ത്രീയസംരക്ഷണം നടത്തി ഗവേഷണാവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുക എന്നത് ആർക്കൈവ്സ് വകുപ്പിന്റെ പ്രധാന കർത്തവ്യങ്ങളിൽ ഒന്നാണ്. കാവുകളുടെ സംരക്ഷണവും പരിപാലനവുമായി ബന്ധപ്പെട്ടുള്ള രേഖകൾ ഒന്നും തന്നെ നിലവിൽ പുരാരേഖ വകുപ്പിൽ ലഭ്യമല്ലാത്തതും ടി വിഷയവുമായി ബന്ധപ്പെട്ട ചരിത്ര പ്രാധാന്യമുള്ള രേഖകൾ കാവുകളിൽ നിന്നും ലഭിക്കുന്ന മുറക്ക് അവ വകുപ്പിന് കൈമാറുന്ന പക്ഷം ആയത് ശാസ്ത്രീയ സംരക്ഷണം നടത്തി വകുപ്പിന്റെ രേഖാ ശേഖരത്തിൽ സൂക്ഷിക്കുന്നതാണ്. എന്നാൽ ഏതെങ്കിലും സാഹചര്യത്തിൽ പ്രസ്തുത രേഖകൾ വകുപ്പിനു കൈമാറുന്നതിന് തടസ്സമുണ്ടാകുന്ന പക്ഷം വകുപ്പ് രേഖകൾ ഏറ്റെടുക്കാതെ അവ സൂക്ഷിക്കുന്ന സ്ഥലങ്ങളിൽ തന്നെ സംരക്ഷണം നടത്തി നൽകുന്ന പദ്ധതിയായ കമ്മ്യൂണിറ്റി ആർക്കൈവ്സ് പദ്ധതിയിൽ ഉൾപ്പെടുത്തി ടി രേഖകൾ സംരക്ഷിച്ചു നൽകുന്നതാണ്.

(15.10.2025-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

## ശിപാർശ നമ്പർ 4

സംസ്ഥാനത്താകെയുള്ള കാവുകളുടെ എണ്ണം സംബന്ധിച്ച കണക്കിൽ വകുപ്പുകൾക്കിടയിൽ വ്യത്യസ്ത അഭിപ്രായം നിലനിൽക്കുന്നതിനാൽ വനം-വന്യജീവി, റവന്യൂ (ദേവസ്വം), പരിസ്ഥിതി, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകൾ പഠനം നടത്തി ഓരോ വകുപ്പിന്റെയും കീഴിലുള്ള കാവുകളുടെ എണ്ണം സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കണമെന്നും പ്രസ്തുത റിപ്പോർട്ട് വനം വകുപ്പിന്റെ മേൽനോട്ടത്തിൽ ക്രോഡീകരിച്ച് കാവുകളുടെ എണ്ണം കൃത്യമായി കണക്കാക്കണമെന്നും വനം-വന്യജീവി വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

### വനം-വന്യജീവി (ഇ) വകുപ്പ്

(സർക്കാർ കത്ത് നം. ഇ1/62/2019/വനം, തീയതി 03.10.2024)

Institution of Foresters Kerala (IFK) എന്ന സ്ഥാപനം വനം വകുപ്പിൽ സേവനമനുഷ്ഠിച്ച് റിട്ടയർ ചെയ്തിട്ടുള്ള ഉദ്യോഗസ്ഥരുടെ സേവനം ഉപയോഗപ്പെടുത്തി വനം വകുപ്പിന്റെ ഫണ്ട് വിനിയോഗിച്ച് കേരളത്തിലെ ഓരോ ജില്ലയിലും ഉൾപ്പെട്ട കാവുകളിൽ വിശദമായ പരിശോധന നടത്തി കാവുകളുടെ നിയമപരമായ ഉടമസ്ഥത, കൈവശാവകാശം, ലൊക്കേഷൻ, സർവ്വേ നമ്പർ, ഏരിയ എന്നിവ തിട്ടപ്പെടുത്തി 14 ജില്ലകളിലെയും കാവുകളെ സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കാവുകളുടെ ഉടമസ്ഥത ഉൾപ്പെടെയുള്ള വിവരം ജില്ലാടിസ്ഥാനത്തിലുള്ള പഠനറിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ടിന്റെ പ്രസക്ത ഭാഗം അനുബന്ധം ആയി ഉൾപ്പെടുത്തിയിരിക്കുന്നു.

(14.11.2024-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

### പരിസ്ഥിതി (എ) വകുപ്പ്

(സർക്കാർ കത്ത് നം. A2/99/2022-ENVT, തീയതി 15.02.2025)

കാവുകളുടെ എണ്ണം, വിസ്തൃതി, ജൈവവൈവിധ്യം എന്നിവയെക്കുറിച്ചുള്ള വിവര ശേഖരണ പഠനങ്ങൾ വിവിധ കാലയളവുകളിലായി സംസ്ഥാന ജൈവവൈവിധ്യ ബോർഡിൽ നിന്നും നടത്തിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ആവശ്യമായ നടപടികൾക്കായി വനം-വന്യ ജീവിയും വകുപ്പിന് ലഭ്യമാക്കിയിട്ടുണ്ട്.

(14.05.2025-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

## ശിപാർശ നമ്പർ 5

സംസ്ഥാനത്തെ മിക്ക കാവുകളും അതിർത്തി നിർണ്ണയിച്ച് സംരക്ഷിക്കാത്തതുമൂലം കൈയ്യേറപ്പെടുകയും തൻമൂലം കാവുകളിലെ ഭൂമി നഷ്ടപ്പെട്ടുപോകുന്നതായും പരിവർത്തനം ചെയ്യപ്പെടുന്നതായും സമിതി മനസ്സിലാക്കുന്നു. ഇക്കാരണത്താൽ കാവുകളുടെ ജൈവവൈവിധ്യം നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ആയതിനാൽ കാവുകളിൽ നിന്നും നഷ്ടപ്പെട്ട് പോയ ഭൂമി വീണ്ടെടുത്ത് അതിർത്തികൾ കൃത്യമായി നിർണ്ണയിക്കണമെന്നും കാവുകളിൽ തദ്ദേശീയമായ സസ്യങ്ങളും വൃക്ഷങ്ങളും ഉപയോഗിച്ച് ജൈവവേലി സ്ഥാപിച്ച് സംരക്ഷിക്കുന്നതിന് വനം-വന്യജീവി, റവന്യൂ(ദേവസ്വം), പരിസ്ഥിതി, തദ്ദേശസ്വയംഭരണ വകുപ്പുകൾ ആവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

### വനം-വന്യജീവി (ഇ) വകുപ്പ്

(സർക്കാർ കത്ത് നം. ഇ1/62/2019/വനം, തീയതി 03.10.2024)

സ്വകാര്യ ഉടമസ്ഥതയിൽ നിലനിൽക്കുന്ന കാവുകളുടെ അതിർത്തി നിർണ്ണയം നടത്തുന്നത് ഉടമസ്ഥരുടെ അധികാര പരിധിയിൽപ്പെടുന്നു. നിലവിൽ വനം വകുപ്പിന്റെ ധനസഹായ പദ്ധതിയിൽ കാവുകളുടെ അതിർത്തി സംരക്ഷിക്കുന്നതിന് ജൈവവേലി നിർമ്മാണം, മുള്ളുവേലി നിർമ്മാണം എന്നീ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

(14.11.2024-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

### പരിസ്ഥിതി (എ) വകുപ്പ്

(സർക്കാർ കത്ത് നം. A2/99/2022-ENVT, തീയതി 15.02.2025)

ജൈവവേലി കെട്ടുന്നത് ഉൾപ്പെടെയുള്ള കാവുസംരക്ഷണ പ്രവർത്തനങ്ങൾക്കായി സംസ്ഥാന ജൈവ വൈവിധ്യ ബോർഡിന്റെ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ 6 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ബി.എം.സി-കൾക്ക് 24.20 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പദ്ധതികളുടെ പ്രവൃത്തി പുരോഗമിച്ചു വരുന്നു.

(14.05.2025-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

## ശിപാർശ നമ്പർ 7

വനം-വന്യജീവി വകുപ്പ് നിലവിൽ കാവുസംരക്ഷണത്തിനായി പണം കണ്ടെത്തുന്നത് 'Conservation of Biodiversity' എന്ന ബജറ്റ് ശീർഷകത്തിൽ അനുവദിക്കുന്ന തുകയിൽ നിന്നുമാണ്. എന്നാൽ ഇപ്രകാരം അനുവദിക്കുന്ന തുക മറ്റ് പല പ്രവർത്തനങ്ങൾക്കുകൂടി വിനിയോഗിക്കുന്നതിനാൽ സംസ്ഥാനത്തൊട്ടാകെയുള്ള കാവുകളുടെ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നതിന് പ്രസ്തുത തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. പ്രസ്തുത സാഹചര്യത്തിൽ കാവുകളുടെ സംരക്ഷണത്തിനുള്ള ധനസഹായത്തിനായി ബജറ്റിൽ ഒരു പുതിയ ശീർഷകം ഏർപ്പെടുത്തുന്നതിന് വിശദമായ പഠനം നടത്തി ധനകാര്യ വകുപ്പിന് പ്രൊപ്പോസൽ സമർപ്പിക്കാൻ സമിതി നിർദ്ദേശിക്കുന്നു. പ്രസ്തുത പ്രൊപ്പോസൽ ലഭിക്കുന്ന മുറക്ക് പുതിയ ബജറ്റ് ശീർഷകം ആരംഭിക്കുന്നതിനും തുടർ നടപടി സ്വീകരിക്കുന്നതിനും ആയതിൽ വേണ്ടത്ര തുക വകയിരുത്തണമെന്ന് ധനകാര്യ വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു. ബജറ്റിൽ വകയിരുത്തിയ തുകയ്ക്ക് ഭരണാനുമതി ലഭിക്കുന്നതിനനുസരിച്ച് പൂർണ്ണമായും റിലീസ് ചെയ്യുന്നതിന് ധനകാര്യ വകുപ്പ് അടിയന്തര നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

## ധനകാര്യ (ബഡ്ജറ്റ് വിംഗ്-എ) വകുപ്പ്

(സർക്കാർ കത്ത് നം. 2830476/ബ.വി-എ2/20/2024-ധന, തീയതി 25.06.2024)

'2406-02-110-68 ജൈവവൈവിധ്യ സംരക്ഷണം' എന്ന പദ്ധതി ശീർഷകത്തിൽ നിന്നുമാണ് ഇപ്പോൾ കാവ് സംരക്ഷണത്തിനായി തുക വിനിയോഗിക്കുന്നത് പരിസ്ഥിതി സംബന്ധിച്ച സമിതി (2021-23) യുടെ നാലാമത് റിപ്പോർട്ടിലെ ശിപാർശയ്ക്ക് അനുസൃതമായി സംസ്ഥാനത്തൊട്ടാകെയുള്ള കാവുകളുടെ സംരക്ഷണത്തിനുള്ള ധനസഹായത്തിനായി ബഡ്ജറ്റിൽ ഒരു പുതിയ ശീർഷകം ഏർപ്പെടുത്തുന്നതിന് വിശദമായ പഠനം നടത്തി ഭരണവകുപ്പ് ധനകാര്യ വകുപ്പിന് പ്രൊപ്പോസൽ ലഭ്യമാക്കുന്ന മുറയ്ക്ക് പുതിയ ബഡ്ജറ്റ് ശീർഷകം ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതും തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്.

(13.08.2024-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

## ശിപാർശ നമ്പർ 9

കാവുകളുടെ സംരക്ഷണത്തിന് മാത്രമായി വനം-വന്യജീവി വകുപ്പിന് കീഴിൽ ധനസഹായ പദ്ധതിയുണ്ടെന്നതൊഴിച്ചാൽ വിവിധ വകുപ്പുകൾക്ക് കീഴിൽ കാവുകളിൽ നേരിട്ടിടപെട്ട് സംരക്ഷണം നൽകുന്നതിന് സർക്കാരിന് പദ്ധതികൾ യാതൊന്നും നിലവിലില്ല. നിലവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 'ഹരിത കേരളം മിഷൻ' മുഖേന നടപ്പിലാക്കുന്ന ഏതാനും സാമൂഹ്യ വനവത്കരണ പദ്ധതികൾ മാത്രമാണ് കാവ് സംരക്ഷണത്തിനായി ഉപയോഗപ്പെടുത്തുന്നത്. എന്നാൽ പച്ചത്തുരുത്ത്, നക്ഷത്രവനം തുടങ്ങിയ പ്രസ്തുത പദ്ധതികൾ സംസ്ഥാനത്തെ എല്ലാ കാവുകളും സംരക്ഷിക്കുന്നതിന് ഉതകുന്നതല്ല. ആയതിനാൽ സംസ്ഥാനത്തെ ബന്ധപ്പെട്ട ഗവേഷണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ പീപ്പിൾസ് ബയോഡൈവേഴ്സിറ്റി രജിസ്റ്ററിലെ വിവരങ്ങൾ ഉപയോഗപ്പെടുത്തി കാവുകളുടെ സംരക്ഷണത്തിന് മാത്രമായി ഒരു പ്രത്യേക ബൃഹത് പദ്ധതി ആവിഷ്കരിക്കുന്നതിനും പ്രസ്തുത പദ്ധതിയുടെ കീഴിൽ ആവശ്യമായ തുക ലഭ്യമാക്കി ഈ മേഖലയിൽ പ്രവർത്തിച്ചുവരുന്ന വിദഗ്ധരുടെ സഹായത്തോടെ സംസ്ഥാനത്തെ എല്ലാ കാവുകളുടെയും സംരക്ഷണം ഉറപ്പാക്കണമെന്ന് പരിസ്ഥിതി, വനം-വന്യജീവി വകുപ്പുകളോട് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

## വനം-വന്യജീവി (ഇ) വകുപ്പ്

(സർക്കാർ കത്ത് നം. ഇ1/62/2019/വനം, തീയതി 03.10.2024)

The Kerala Biological Diversity Rules, 2008-ലെ ചട്ടം 20-ൽ നിഷ്കർഷിച്ചിട്ടുള്ളത് പ്രകാരം ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലത്തിൽ നാമ നിർദ്ദേശം ചെയ്യപ്പെടുന്ന പ്രതിനിധികളെ ഉൾപ്പെടുത്തി ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും ബയോ ഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റി (BMC) രൂപീകരിച്ചിട്ടുണ്ട്. State Biodiversity Board-ഉം, പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലത്തിൽ രൂപീകരിച്ചിട്ടുള്ള BMC യും ചേർന്നാണ് People's Biodiversity Register തയ്യാറാക്കി സൂക്ഷിക്കുന്നത്. ഓരോ കാവും നേരിടുന്ന പ്രശ്നങ്ങൾ വ്യത്യസ്തമാകയാൽ തദ്ദേശ സ്വയംഭരണസ്ഥാപനം/ബയോഡൈവേഴ്സിറ്റി ബോർഡ് എന്നിവ മുൻകൈയെടുത്ത് അവ നേരിടുന്ന പ്രശ്നങ്ങളുടെ അടിസ്ഥാനത്തിൽ കാവുകളെ വേർതിരിച്ച് ഇവയെ സംരക്ഷിക്കുന്ന പദ്ധതി രൂപപ്പെടുത്തുന്നത് ഉചിതമായിരിക്കും. നിലവിൽ ജില്ലാ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെട്ട അഞ്ചു കാവുകൾക്ക് എല്ലാ വർഷവും വനം വകുപ്പ് പ്രോത്സാഹന ധനസഹായം നൽകിവരുന്നുണ്ട്. ഈ പദ്ധതിയിൽ കൂടുതൽ തുക ലഭ്യമാകുന്ന മുറക്ക് കാവുകൾക്കുള്ള ധനസഹായം വർദ്ധിപ്പിച്ചുകൊണ്ട് നിലവിൽ കാവുകൾ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാനും കാവ് സംരക്ഷണം വിപുലപ്പെടുത്തുവാനും കഴിയുന്നതാണ്.

(14.11.2024-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

പരിസ്ഥിതി (എ) വകുപ്പ്

(സർക്കാർ കത്ത് നം. A2/99/2022-ENVT, തീയതി 15.02.2025)

സംസ്ഥാന ജൈവവൈവിധ്യ ബോർഡ് 2024-25 വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിലെ തെരഞ്ഞെടുത്ത കാവുകളിലെ സസ്യ-ജന്തു ജാല പഠനം എന്ന പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(14.05.2025-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

ശിപാർശ നമ്പർ 10

ജനവാസ മേഖലയോട് ചേർന്ന് നിലകൊള്ളുന്ന കാവുകളിലെ വൃക്ഷങ്ങളുടെ വേരുകൾ, വള്ളി പടർപ്പുകൾ എന്നിവ സമീപത്തെ വീടുകളിലേക്ക് പടരുന്ന സാഹചര്യത്തിൽ ആയവ മുറിച്ച് മാറ്റുന്നതിന് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വീട്ടുടമസ്ഥർക്ക് വേണ്ട സഹായം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

വനം-വന്യജീവി (ഇ) വകുപ്പ്

(സർക്കാർ കത്ത് നം. ഇ1/62/2019/വനം, തീയതി 03.10.2024)

ജനവാസ മേഖലയോട് ചേർന്ന് നിലകൊള്ളുന്ന കാവുകളിലെ വൃക്ഷങ്ങളുടെ വേരുകൾ, വള്ളി പടർപ്പുകൾ എന്നിവ സമീപത്തെ വീടുകളിലേക്ക് അപകടകരമായി പടരുന്ന സാഹചര്യത്തിൽ പരാതികൾ ലഭിച്ചാൽ ബന്ധപ്പെട്ട അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ/ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ കൺസർവേഷൻ ഓഫ് ബയോഡൈവേഴ്സിറ്റി ആക്ട്, 2002 പ്രകാരം നടപടി സ്വീകരിക്കുന്നുണ്ട്.

(14.11.2024-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

ശിപാർശ നമ്പർ 11

'വിദ്യാവനം' പോലുള്ള പദ്ധതികൾ മുഖേന സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്ക് കാവുകളുടെ പ്രാധാന്യവും അവ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയും സംബന്ധിച്ച് സംസ്ഥാന വ്യാപകമായി ബോധവൽക്കരണം നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

വനം-വന്യജീവി (ഇ) വകുപ്പ്

(സർക്കാർ കത്ത് നം. ഇ1/62/2019/വനം, തീയതി 03.10.2024)

വിദ്യാവനം പോലുള്ള പദ്ധതികൾ മുഖേന കാവുകളുടെ പ്രാധാന്യവും അവ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയും സംബന്ധിച്ച് സംസ്ഥാന വ്യാപകമായി ബോധവത്കരണ പരിപാടികൾ നടത്തി വരുന്നുണ്ട്.

(14.11.2024-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

പരിസ്ഥിതി (എ) വകുപ്പ്

(സർക്കാർ കത്ത് നം. A2/99/2022-ENVT, തീയതി 15.02.2025)

പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റിൽ നിന്നും സംസ്ഥാനത്തെ സ്കൂൾ കോളേജുകളിൽ ഭൂമിത്രസേനാ ക്ലബ്ബുകൾ മുഖേന കാവുകളുടെ സംരക്ഷണം സംബന്ധിച്ച ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കിവരുന്നുണ്ട്. കുട്ടികൾക്കും യുവാക്കൾക്കും ഇടയിൽ പരിസ്ഥിതിയെക്കുറിച്ച് അവബോധവും മമതയും പ്രോത്സാഹിപ്പിക്കുന്നതിനായി ഹയർ സെക്കണ്ടറി സ്കൂളുകളിലും കോളേജ് തലങ്ങളിലും നടപ്പിലാക്കുന്ന പദ്ധതിയാണ് ഭൂമിത്രസേനാ ക്ലബ്ബുകൾ. നിലവിൽ 443 ഭൂമിത്രസേനാ ക്ലബ്ബുകൾ കേരളത്തിലുണ്ട്. ഈ ക്ലബ്ബുകൾ വർഷം തോറും പരിസ്ഥിതി സംരക്ഷണവും അവബോധവും സംബന്ധിച്ച വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. അവയിൽ കാവുകളുടെ സംരക്ഷണവും ഉൾപ്പെടുന്നു. ഭൂരിഭാഗം ക്ലബ്ബുകളും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി തങ്ങളുടെ സ്ഥാപനങ്ങളിലും സമീപപ്രദേശങ്ങളിലും കാവ് സംരക്ഷണത്തെകുറിച്ച് ബോധവൽക്കരണ പരിപാടികളും ആവാസവ്യവസ്ഥാ പുനഃസ്ഥാപന പ്രവർത്തനങ്ങളും സംഘടിപ്പിച്ചിട്ടുണ്ട്. 2023-24 വർഷത്തിൽ പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റ് ഭൂമിത്രസേനാ ക്ലബ്ബുകളിലെ വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച 'Young reporters of the Environment' മത്സരത്തിൽ Neighbourhood Documentation എന്ന വിഷയത്തിൽ വിവിധ ക്ലബ്ബുകളിലെ വിദ്യാർത്ഥികൾ വിവിധ കാവുകൾ സന്ദർശിച്ച് ലേഖനങ്ങൾ സമർപ്പിച്ചിട്ടുണ്ട്.

(14.05.2025-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

## <u>ഉന്നതവിദ്യാഭ്യാസ (കെ) വകുപ്പ്</u>

(സർക്കാർ കത്ത് നം. കെ1/199/2022/ഉ.വി.വ, തീയതി 09.02.2023)

കോളേജുകളിൽ പ്രവർത്തിച്ച വരുന്ന പരിസ്ഥിതി ക്ലബ്ബുകളുടെയും നേച്ചർ ക്ലബ്ബുകളുടെയും ആഭിമുഖ്യത്തിൽ ബോധവൽക്കരണ ക്ലാസ്സുകൾ, സെമിനാറുകൾ, ചർച്ചകൾ തുടങ്ങിയവ സംഘടിപ്പിക്കുന്നതിനും കോളേജുകൾ നടത്തുന്ന പരിസ്ഥിതി സംബന്ധമായ പരിപാടികളിൽ സമീപമുള്ള കാവുകളെയും ഉൾപ്പെടുത്തുന്നതിനും, കോളേജ് ക്യാമ്പസ്സിന് ഉള്ളിലോ സമീപ പ്രദേശങ്ങളിലോ നിലനിൽക്കുന്ന കാവുകളുടെ സംരക്ഷണത്തിനും പരിപാലനത്തിനും സഹായമാകുന്ന നടപടികൾ സ്വീകരിക്കുന്നതിനും എല്ലാ സ്ഥാപന മേധാവികൾക്കും നിർദ്ദേശം നൽകുകയും അതിൻപ്രകാരമുള്ള നടപടികൾ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(21.06.2023-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

## <u>പൊതുവിദ്യാഭ്യാസ (ഡി) വകുപ്പ്</u>

(സർക്കാർ കത്ത് നം. പൊവിവ/ഡി2/497/2022, തീയതി 08.05.2024)

2024 അവധിക്കാല അധ്യാപക പരിശീലനം സംബന്ധിച്ച മോഡ്യൂളുകൾ തയ്യാറാക്കുന്നതിനുള്ള ശില്പശാലകൾ 2024 മാർച്ച് അവസാന ആഴ്ചയിൽ സംഘടിപ്പിക്കുന്നു. പ്രസ്തുത പരിശീലനത്തിൽ പരിഷ്കരിച്ച പാഠ്യപദ്ധതി നടപ്പിലാക്കുന്ന 1, 3, 5, 7, 9 ക്ലാസുകളിലെ പരിഷ്കരിച്ച പാഠപുസ്തകങ്ങൾ, ടീച്ചർ ടെക്സ്റ്റുകൾ എന്നിവ പ്രധാനമായും പരിശീലന വിഷയങ്ങളായി ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നു. പരിശീലന മോഡ്യൂളുകൾ വികസിപ്പിക്കുമ്പോൾ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ ക്ലാസ്സ്റൂം വിനിമയത്തിന്റെ ഭാഗമായി ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നതാണ്.

(13.08.2024-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

## <u>ശിപാർശ നമ്പർ 12</u>

കാവുകളുടെ സംരക്ഷണവും ആയതിന്റെ പ്രാധാന്യവും സംബന്ധിച്ച പാഠങ്ങൾ പൊതുവിദ്യാഭ്യാസ-ഉന്നതവിദ്യാഭ്യാസ പാഠ്യപദ്ധതികളിൽ ഉൾപ്പെടുത്തുന്നതുവഴി വിദ്യാർത്ഥികളെ ബോധവത്കരിക്കുന്നതിന് പൊതുവിദ്യാഭ്യാസ-ഉന്നതവിദ്യാഭ്യാസ വകുപ്പുകൾ ആവശ്യമായ നടപടി

സ്വീകരിക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

## പൊതുവിദ്യാഭ്യാസ (ആർ.സി) വകുപ്പ്

(സർക്കാർ കത്ത് നം. GE-RC2/105/2023-G.EDN, തീയതി 04.09.2024)

കാവുകളുടെ സംരക്ഷണവും പ്രാധാന്യവും സംബന്ധിച്ച പാഠങ്ങൾ നിലവിൽ ഹൈസ്കൂളിൽ എട്ടാം ക്ലാസിലെ "യൂണിറ്റ് 15 - വൈവിധ്യം നിലനില്പിന്" എന്ന അധ്യായത്തിൽ ബയോഡൈവേഴ്സിറ്റി കൺസർവേഷൻ എന്ന ഭാഗത്ത് In situ Conservation എന്ന തലക്കെട്ടിൽ ഒരു പേജിൽ കുറയാതെ പ്രതിപാദിക്കുന്നുണ്ട്. ഇതിൽ കാവുകളെ ജലസ്രോതസ്സുകളാണെന്നും ജൈവവൈവിധ്യത്തിന്റെ കലവറയാണെന്നും ആവാസവ്യവസ്ഥയെ സംരക്ഷിക്കേണ്ടത് ജീവിവർഗങ്ങളുടെ നിലനില്പിനാധാരമാണെന്നും വിശദീകരിക്കുന്നുണ്ട്. ആഹാരശൃംഖലയും ആഹാരശൃംഖലാജാലവും കാവ് എന്ന ആവാസവ്യവസ്ഥയുടെ ഭാഗമായി പ്രവർത്തിക്കുന്നുണ്ടെന്നും കുട്ടികൾക്കും മനസിലാക്കാൻ ഇത് സാഹചര്യമൊരുക്കുന്നുണ്ട്. ഇവ സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യം വിശദമാക്കുന്നതോടൊപ്പം സ്കൂളുകളിൽ ബയോഡൈവേഴ്സിറ്റി ക്ലബ്ബുകളും പ്രവർത്തിക്കുന്നുണ്ട്. ഇത്തരം ക്ലബ്ബുകൾ ഏറ്റെടുത്തു നടത്തുന്ന പല പ്രവർത്തനങ്ങളിലും കാവുകൾ തിരഞ്ഞെടുക്കാൻ പ്രാദേശിക സവിശേഷതയനുസരിച്ച് കഴിയുന്നു. വിവിധ പ്രോജക്ട് വർക്കുകളും ഇതുമായി ബന്ധപ്പെട്ട് സ്കൂളുകൾ ഏറ്റെടുത്ത് നടത്തുന്നുണ്ട്. മാറുന്ന പാഠപുസ്തകങ്ങളിലും ഇതിനെ സംബന്ധിച്ച് വിവരങ്ങൾ ഉൾപ്പെടുത്തുന്നതാണെന്നും അറിയിക്കുന്നു.

കാവ് എന്ന സവിശേഷ ആവാസ വ്യവസ്ഥയെ നാലാം ക്ലാസ് പരിസരപഠന പുസ്തകത്തിൽ പരിചയപ്പെടുത്തുന്നുണ്ട്. ഒന്നാമത്തെ യൂണിറ്റായ 'വയലും വനവും' എന്ന പാഠഭാഗത്താണ് വിവിധ ആവാസ വ്യവസ്ഥകൾക്കൊപ്പം കാവിനെയും പരാമർശിക്കുന്നത്. ഓരോ പ്രദേശത്തിന്റെയും സവിശേഷതകൾക്കനുസരിച്ച് കാവിനെപ്പറ്റിയുള്ള വിവരശേഖരണം നടത്താൻ അവസരം ഒരുക്കുംവിധമാണ് പാഠഭാഗത്ത് കാവിനെ പ്രതിപാദിച്ചിട്ടുള്ളത്.

യു.പി തലത്തിൽ ക്ലാസ് 6-ൽ അടിസ്ഥാനശാസ്ത്രം പുസ്തകത്തിൽ യൂണിറ്റ് 6 'ഒന്നിച്ച നിലനിൽക്കാം' എന്ന പാഠഭാഗത്തിൽ നാലാം ക്ലാസിന്റെ തുടർച്ചയായ പഠനം ഉൾപ്പെടുത്തിയിട്ടുണ്ട്. 80, 81 പേജുകളിൽ കാവിന്റെ ചിത്രവും പഞ്ചായത്തിലെ ബയോഡൈവേഴ്സിറ്റി രജിസ്റ്റർ ഉപയോഗപ്പെടുത്തി സ്വന്തം പ്രദേശത്തുള്ള കാവ് സന്ദർശിക്കാൻ നിർദേശവുമുണ്ട്. നിരീക്ഷണക്കുറിപ്പിന്റെ മാതൃകയും ഉൾപ്പെടുത്തിയിട്ടുണ്ട്. കാവ് ഉള്ള പ്രദേശത്തെ അധ്യാപകർക്ക് ഈ പാഠഭാഗത്തിന്റെ വിനിമയത്തിന്റെ ഭാഗമായി സന്ദർശനവും ചർച്ചയും നിരീക്ഷണക്കുറിപ്പ് തയാറാക്കലും പഞ്ചായത്തിന്റെ ബയോഡൈവേഴ്സിറ്റി രജിസ്റ്റർ പരിശോധിക്കലും എല്ലാം ഉൾപ്പെടുത്താനുള്ള അവസരമുണ്ട്. ഈ പ്രവർത്തനം കാവിന്റെ പ്രാധാന്യത്തെയും സംരക്ഷണത്തെയും കുറിച്ച് കുട്ടികളിൽ ആഴത്തിൽ അവബോധമുണ്ടാക്കാൻ പര്യാപ്തമാണ്. നിലവിലെ സാമൂഹ്യശാസ്ത്ര പാഠപുസ്തകത്തിൽ കാവുകളുമായി ബന്ധപ്പെട്ട് പരാമർശം ഇല്ലെങ്കിലും ഏഴാം ക്ലാസിലെ പുതിയ സാമൂഹ്യശാസ്ത്രപുസ്തകത്തിൽ ഇന്ത്യയുടെ കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട ഭാഗത്ത് കാവുകളെപ്പറ്റി പ്രതിപാദിക്കുന്നുണ്ട്.

(14.11.2024-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

## ഉന്നതവിദ്യാഭ്യാസ (ബി) വകുപ്പ്

(സർക്കാർ കത്ത് നം. HEDN/B1/229-HEDN തീയതി 22.01.2026)

കേരള നിയമസഭയുടെ പരിസ്ഥിതി സംബന്ധിച്ച സമിതി (2021-23) യുടെ നാലാമത് റിപ്പോർട്ടിൽ 'കാവുകളുടെ സംരക്ഷണവും ആയതിന്റെ പ്രാധാന്യവും സംബന്ധിച്ച പാഠങ്ങൾ പൊതുവിദ്യാഭ്യാസ-ഉന്നതവിദ്യാഭ്യാസ പാഠ്യപദ്ധതികളിൽ ഉൾപ്പെടുത്തുന്നതുവഴി വിദ്യാർത്ഥികളെ ബോധവത്കരിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഉന്നതവിദ്യാഭ്യാസ വകുപ്പുകൾ ആവശ്യമായി നടപടി

സ്വീകരിക്കുന്നതിന് സമിതി ശിപാർശ ചെയ്തിരുന്നു. (12-ാമത് ശിപാർശ)

പ്രസ്തുത ശിപാശയിന്മേൽ ഉന്നതവിദ്യാഭ്യാസ വകുപ്പിനു കീഴിലെ സർവകലാശാലകൾ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിയമസഭാസമിതി റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടി വിവരം സർവകലാശാല തിരിച്ച് ചുവടെ ചേർക്കുന്നു.

**കേരള സർവകലാശാല**

കേരള സർവകലാശാലാ അംഗീകൃത കോളേജുകളിൽ ബി.എസ്.സി. എൻവിയോൺമെന്റൽ സയൻസ്, എം.എസ്.സി. എൻവിയോൺമെന്റൽ സയൻസ് എന്നീ കോഴ്സുകളുടെ പാഠ്യപദ്ധതിയിൽ കാവുകളുടെ സംരക്ഷണത്തെപ്പറ്റി സിലബസ്സിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**മഹാത്മാഗാന്ധി സർവകലാശാല**

കാവുകളുടെ സംരക്ഷണവും പ്രാധാന്യവും സംബന്ധിച്ച പാഠങ്ങൾ സർവകലാശാലയുടെ ബിരുദ ബിരുദാനന്തരബിരുദ പാഠ്യപദ്ധതികളിൽ ഉൾപ്പെടുത്തുന്ന വിഷയം കരിക്കുലം പരിഷ്കരണ സമയത്ത് പരിഗണിക്കുന്നതിന് സർവകലാശാലയുടെ അക്കാദമിക് കൗൺസിൽ തീരുമാനിച്ചു. തുടർന്ന്. 2024-25 അധ്യയന വർഷം മുതൽ സർവകലാശാലയിലെ ബിരുദ പ്രോഗ്രാമുകളുടെ സിലബസ് പരിഷ്കരിച്ചതിൻപ്രകാരം BA (Hons.) Malayalam പ്രോഗ്രാമിന്റെ മൂന്നാം സെമസ്റ്ററിൽ പരിസ്ഥിതി പാഠങ്ങൾ എന്ന പേരിൽ Value Addition Course ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ എല്ലാ പ്രോഗ്രാമുകളിലും മൂന്ന്, നാല്, ആറ് സെമസ്റ്ററുകളിൽ Value Addition Course-കളുടെ പഠനം നിർബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

**കാലിക്കറ്റ് സർവകലാശാല**

കാവുകളുടെ സംരക്ഷണവും ആയതിന്റെ പ്രാധാന്യവും സംബന്ധിച്ച പാഠങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്ന വിഷയം, കാലിക്കറ്റ് സർവകലാശാലയിലെ വിവിധ അക്കാദമിക സമിതികൾ പരിഗണിച്ചു. പ്രസ്തുത വിഷയം സംബന്ധിച്ച പാഠങ്ങൾ സിലബസിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട പഠന ബോർഡുകൾക്ക് സർവകലാശാല നിർദ്ദേശം നൽകിയിട്ടുണ്ട്.

**കണ്ണൂർ സർവകലാശാല**

കണ്ണൂർ സർവ്വകലാശാല പാഠ്യപദ്ധതിയുടെ ഭാഗമായി കാവുകളുടെ സംരക്ഷണത്തിനും. അവയുടെ പരിസ്ഥിതിപരമായ പ്രാധാന്യം, വർഗീകരണം. അനുബന്ധമായ വിശ്വാസങ്ങൾ. സങ്കല്പങ്ങൾ എന്നിവ സംബന്ധിച്ച പഠനത്തിനുമായി വൈവിധ്യമാർന്ന പഠന പ്രവർത്തനങ്ങൾ സർവ്വകലാശാലയുടെ സ്റ്റുഡന്റ് സർവീസസ് വിഭാഗം മുഖേന നടത്തുന്നുണ്ട് സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള വിവിധ കോളേജുകൾ കാവുകളെ സംബന്ധിച്ച് നിരവധി പ്രോജക്റ്റുകൾ പാഠ്യപദ്ധതിയുടെ ഭാഗമായി ചെയ്തുവരുന്നു. കണ്ണൂർ, കോഴിക്കോട് ജില്ലകളിലെ വിവിധ കാവുകൾ കേസ് സ്റ്റഡിക്കായി തെരഞ്ഞെടുത്ത് പഠന പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നുണ്ട്.

**ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല**

ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാലയിലെ സംസ്കൃതം ന്യായം. സംസ്കൃതം വ്യാകരണം, സംസ്കൃതം വേദാന്തം, സോഷ്യോളജി, മലയാളം, ഹിന്ദി എന്നീ വകുപ്പുകൾ പാഠ്യപദ്ധതിയിൽ പരിസ്ഥിതി പഠനം ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതു കൂടാതെ. ജ്യോഗ്രഫി ഡിപ്പാർട്ട്മെന്റ് നാച്ചുറൽ ഡിസാസ്റ്റർ മാനേജ്മെന്റ് & മിറ്റിഗേഷൻ എന്ന സർട്ടിഫിക്കറ്റ് പ്രോഗ്രാം ആരംഭിച്ചിട്ടുണ്ട്. Bachelor of Fine Arts (B.F.A) വിദ്യാർത്ഥികൾക്ക് പ്രോഗ്രാമിന്റെ ഭാഗമായി പരിസ്ഥിതി പഠനം കോഴ്സ് ഉൾപ്പെടുത്തിയിട്ടുണ്ട്.

**തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല**

പ്രകൃതിജന്യ സൗഭാഗ്യങ്ങളെ വരും തലമുറകൾക്ക് നഷ്ടപ്പെടുത്താതെ കാത്തു സൂക്ഷിക്കാനുള്ള ഉൾക്കാഴ്ചയും പ്രവർത്തനശൈലികളും വിദ്യാർത്ഥികൾക്ക് പ്രദാനം ചെയ്യുന്നത് അനിവാര്യമാണെന്നതിനാൽ ജൈവവൈവിധ്യവും പരിപാലനവും എന്ന കോഴ്സ് എം.എ./എം.എസ്.സി. പരിസ്ഥിതി പഠനപ്രോഗ്രാമുകളുടെ സിലബസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, പ്രകൃതി വിഭവങ്ങളുടെ പരിപാലനം, ആവാസവ്യവസ്ഥയുടെ സംരക്ഷണം തുടങ്ങിയവയുടെ സങ്കൽപ്പങ്ങളും സമീപനങ്ങളും പ്രസ്തുത പ്രോഗ്രാമുകളുടെ ഭാഗമായി വിദ്യാർത്ഥികളെ പഠിപ്പിച്ചുവരികയും ചെയ്യുന്നുണ്ട്.

(23.02.2026-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു)

**ശിപാർശ നമ്പർ 13**

പുരാവസ്തു വകുപ്പിന് കീഴിൽ സംരക്ഷിച്ചു പോരുന്ന കൊട്ടാരങ്ങൾ പോലുള്ള ചരിത്രനിർമ്മിതികളുടെ വളപ്പിൽ സ്ഥിതിചെയ്യുന്ന കാവുകൾ സംരക്ഷിക്കുന്നതിന് ജൈവ വൈവിധ്യ ബോർഡ്, കേരളാ ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KFRI) തുടങ്ങിയ ഗവേഷണ സ്ഥാപനങ്ങളുടെ സഹായത്തോടെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കണമെന്ന് സാംസ്കാരികകാര്യ വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

**സാംസ്കാരികകാര്യ (ബി) വകുപ്പ്**

(സർക്കാർ കത്ത് നം. ബി1/12/2022-സാം.കാ.വ, തീയതി 03.07.2025)

നൂറു വർഷത്തിൽ കുറയാതെയുള്ള കാലമായി നിലനിൽക്കുന്ന പുരാവസ്തു പ്രാധാന്യമുള്ള നിർമ്മിതികളാണ് പുരാവസ്തു വകുപ്പിന്റെ സംരക്ഷിതസ്മാരകങ്ങൾ. പ്രസ്തുത സംരക്ഷിതസ്മാരകങ്ങളിൽ വളരെക്കുറച്ച് സ്മാരകങ്ങൾ മാത്രമാണ് പുരാവസ്തു വകുപ്പിന്റെ ഉടമസ്ഥതയിലുള്ളത്. ഉടമസ്ഥത പൂർണ്ണമായും വകുപ്പിൽ നിക്ഷിപ്തമായ പ്രദേശത്തുള്ള കാവുകളുടെ കാര്യത്തിൽ മാത്രമേ -പുരാവസ്തു വകുപ്പിന് സമിതിയുടെ ശിപാർശ നടപ്പിലാക്കുന്നതിന് കഴിയുകയുള്ളൂ. ആയത് നിലനിർത്തുന്നതിനും സംരക്ഷിക്കുന്നതിനും പുരാവസ്തു വകുപ്പ് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. സംരക്ഷിത സ്മാരകം നിലനിൽക്കുന്ന സ്വകാര്യ ഉടമസ്ഥതയിലുള്ളതും മറ്റ് സ്ഥാപനങ്ങളുടെയും പ്രദേശത്തുള്ള കാവുകളുടെ സംരക്ഷണ വിഷയം പുരാവസ്തു വകുപ്പിന്റെ പരിധിയിൽ വരുന്നില്ല.

(15.10.2025-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

**ശിപാർശ നമ്പർ 14**

കാവുകൾ സംരക്ഷിച്ചുവരുന്ന പദ്ധതി പട്ടികവർഗ്ഗ വിഭാഗക്കാർക്കുകൂടി ലഭ്യമാകത്തക്ക വിധത്തിൽ പരിഷ്കരിക്കാനും ആയത് സംബന്ധിച്ച് അപേക്ഷകൾ സമർപ്പിക്കേണ്ടതെങ്ങനെയെന്നത് സംബന്ധിച്ച് പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ബോധവൽക്കരണം നൽകുന്നതിനും പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പ് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

**പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പ്**

(സർക്കാർ കത്ത് നം. SCSTDD-B2/164/2022-SCSTDD, തീയതി 05.08.2024)

പട്ടികജാതി വികസന വകുപ്പ് മുഖേന സംസ്ഥാനത്തെ പട്ടികജാതി വിഭാഗത്തിന്റെ അധീനതയിലുള്ള ക്ഷേത്രം/കാവുകളുടെ സംരക്ഷണത്തിനും പുനരുദ്ധാരണത്തിനുമായി പരമാവധി 5 ലക്ഷം രൂപ അനുവദിച്ച് വന്നിരുന്നു. ടി പദ്ധതി 2014-15 വർഷമാണ് ആരംഭിച്ചത്. ക്ഷേത്രം/കാവുകളുടെ അപേക്ഷയും ക്ഷേത്രം/കാവ് പട്ടികജാതി വിഭാഗത്തിന്റെയാണെന്ന് തെളിയിക്കുന്ന വില്ലേജ് രേഖകൾ, ക്ഷേത്രം/കാവ് സ്ഥിതി ചെയ്യുന്ന ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കുന്ന 5 ലക്ഷത്തിൽ കവിയാത്ത Price Software Estimate എന്നിവ സഹിതം ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ ശിപാർശ പ്രകാരം സംസ്ഥാന വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനയിൽ സമർപ്പിച്ച് പദ്ധതി നിർവ്വഹണത്തിന് അനുമതി നേടിയെടുക്കുന്നതായിരുന്നു ചട്ടം. 06.05.2023 ലെ സ.ഉ(കൈ)നം.10/2023/SCSTDD ഉത്തരവ് പ്രകാരം വകുപ്പിന്റെ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുക്കുന്ന നഗറുകളിലെ കാവും

കളങ്ങളും സംരക്ഷിക്കുന്നത് പ്രത്യേക ഘടകമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

സംസ്ഥാനത്തെ പട്ടികവർഗ സങ്കേതങ്ങളിൽ തനത് പാരമ്പര്യം നിലനിർത്തുന്നതിന്റെ ഭാഗമായി പട്ടികവർഗക്കാർ തന്നെ കാവുകൾ സംരക്ഷിച്ച് വരുന്നുണ്ട്. കൂടാതെ സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെടുന്ന പട്ടികവർഗ സങ്കേതങ്ങളിൽ നടപ്പിലാക്കി വരുന്ന അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് പദ്ധതിയുടെ, സ.ഉ(സാധാ)നം.14/2023/SCSTDD തീയതി 27.5.2023 പ്രകാരം, പരിഷ്കരിച്ച മാനദണ്ഡങ്ങളിൽ കാവുകൾ സംരക്ഷിക്കുന്നത് ഒരു ഘടകമായി ഉൾപ്പെടുത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കാവുകൾ സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.

(14.11.2024-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

## ശിപാർശ നമ്പർ 15

കാവുകളിൽ കണ്ടുവരുന്ന നൂറ്റാണ്ടുകൾ പഴക്കമുള്ള വൻമരങ്ങൾ അന്യം നിന്നു പോകാതെ തൈകൾ ഉൽപാദിപ്പിച്ച് സംരക്ഷിക്കുന്നതോടൊപ്പം മണ്ണൊലിപ്പും ഇത്തിൾക്കണ്ണികളുടെ പടർന്നു കയറ്റവുംമൂലം നിലവിൽ കാവുകളിൽ നിലനിൽക്കുന്ന മരങ്ങൾ കടപുഴകുന്നതിൽ നിന്നും ആയവയെ സംരക്ഷിക്കുന്നതിനും വനം-വന്യജീവി, പരിസ്ഥിതി, തദ്ദേശസ്വയംഭരണ വകുപ്പുകൾ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

### പരിസ്ഥിതി (എ) വകുപ്പ്

(സർക്കാർ കത്ത് നം. A2/99/2022-ENVT, തീയതി 15.02.2025)

പാലോട് ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബോട്ടാണിക്കൽ ഗാർഡൻ & റിസർച്ച് സെന്റർ അധികൃതരുമായി ബോർഡ് അധികൃതർ ചർച്ച നടത്തുകയും കേരളത്തിലെ വംശനാശഭീഷണി നേരിടുന്ന സസ്യങ്ങളുടെ ഒരു സമഗ്രപട്ടിക തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2022-23, 2023-24 വർഷങ്ങളിലെ വാർഷിക പദ്ധതിയിൽ തദ്ദേശീയമായ വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ സംരക്ഷിക്കുന്നതിനായി, തെരഞ്ഞെടുത്ത സസ്യജാലങ്ങളുടെ ബയോളജിക്കൽ ഡൈവേഴ്സിറ്റി ആക്ട് 2002 സെക്ഷൻ 38 പ്രകാരം വിജ്ഞാപനം ചെയ്ത 27 ഇനം സസ്യങ്ങളിൽപെട്ടതും ജൈവവൈവിധ്യ ബോർഡിന്റെ സാമ്പത്തിക സഹായത്താൽ പാലോട് ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബോട്ടാണിക്കൽ ഗാർഡൻ & റിസർച്ച് സെന്റർ നടത്തിയ പഠനത്തിന്റെ ഭാഗമായി തയ്യാറാക്കിയ കേരളത്തിലെ വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളുടെ പട്ടികയിൽ നിന്നും നഴ്സറികൾ സ്ഥാപിച്ച് സംരക്ഷിക്കുന്നതിനുള്ള ഒരു പദ്ധതി 2022-23, 2023-24 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് നടപ്പിലാക്കി വരുന്നു.

(14.05.2025-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

### വനം-വന്യജീവി (ഇ) വകുപ്പ്

(സർക്കാർ കത്ത് നം. ഇ1/62/2019/വനം, തീയതി 03.10.2024)

സാമൂഹിക വനവൽക്കരണ വിഭാഗത്തിൽ നിലവിലുള്ള വൃക്ഷത്തൈ വിതരണ പദ്ധതിയിൽ ഉൾപ്പെടുത്തി കാവുകളിൽ കണ്ട് വരുന്ന വൻമരങ്ങളുടെ തൈകൾ ലഭ്യതയനുസരിച്ച് ഉത്പാദിപ്പിച്ച് വിതരണം ചെയ്യുവാൻ നടപടി സ്വീകരിക്കുന്നതാണ്. കാവുകളിൽ നിലനിൽക്കുന്ന മരങ്ങൾ കടപുഴകുന്നതിൽ നിന്നും അവയെ സംരക്ഷിക്കുന്നതിന് ആവശ്യമായ ജലസംരക്ഷണ, മണ്ണ് സംരക്ഷണ പ്രവൃത്തികളും കാവ് ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(14.11.2024-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

## ശിപാർശ നമ്പർ 16

കാവുകളിൽ കണ്ടുവരുന്ന സ്വാഭാവിക ജലസ്രോതസ്സുകൾ മലിനമാകാതെ സംരക്ഷിക്കുന്നതിനും തനിമ നിലനിർത്തുന്നതിനും ആയവയിൽ കാവുകൾക്ക് പുറത്തേക്ക് ഒഴുകുന്ന ഉറവകൾ, പുഴകൾ തുടങ്ങിയവ ജലസേചനത്തിന് കൂടി ഉപയോഗപ്പെടുന്ന വിധത്തിൽ പരിരക്ഷിക്കുന്നതിനും തദ്ദേശസ്വയംഭരണ, ജലവിഭവ വകുപ്പുകൾ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

### ജലവിഭവ (ഐ.ആർ) വകുപ്പ്

(സർക്കാർ കത്ത് നം. ഐ.ആർ3/5/2023-ജവിവ, തീയതി 23.05.2024)

ജൈവ വൈവിധ്യത്തിന്റെ കലവറയായ കാവുകൾ പാരിസ്ഥിതിക സന്തുലിതാവസ്ഥ നിലനിർത്തുന്നതിൽ/നിയന്ത്രിക്കുന്നതിൽ വളരെ നിർണ്ണായകമായ പങ്കാണ് വഹിക്കുന്നത്. കേരളത്തിൽ കാണുന്ന കാവുകളിൽ ഭൂരിപക്ഷം വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ സംരക്ഷിക്കപ്പെടുന്നവയാണ്. വളരെ പ്രാധാന്യത്തോടു കൂടി സംരക്ഷിക്കപ്പെടേണ്ട കാവുകളും അവയോടു ചേർന്നുള്ള ജലസ്രോതസുകളും നിലവിൽ വിവിധ തരത്തിലുള്ള പ്രശ്നങ്ങൾ നേരിടുന്നു. അവയ്ക്ക് കാരണം താഴെ പറയുന്നവയാണ്.

I. നഗരവൽക്കരണം.
II. റോഡുകളുടെ നിർമ്മാണം.
III. അമിത വിഭവ ചൂഷണം
IV. മാലിന്യ നിക്ഷേപം
V. കൈയ്യേറ്റം
VI. വികസനം
VII. ഉടമസ്ഥാവകാശ തർക്കം.
VIII. ജൈവികമായ ഭീഷണി (തദ്ദേശികമല്ലാത്ത വള്ളികളും ചെടികളും കൂടാതെ ഉളള ചില ജീവികളും)
IX. സാമൂഹികമായ കാരണങ്ങൾ (ഉത്സവങ്ങൾ, ഉത്സവത്തോടനുബന്ധിച്ച് പടക്കങ്ങളുടെ ഉപയോഗം)

കാവുകൾ ഭൂരിപക്ഷവും സ്വകാര്യ ഉടമസ്ഥതയിലും ദേവസ്വം/പൊതു ഉടമസ്ഥതയിലാണ് വരുന്നത്. നിലവിലെ നിയമമനുസരിച്ച് പൊതു കുളങ്ങളുടെയും തോടുകളുടെയും പൂർണ്ണ അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആവശ്യപ്രകാരം കുളങ്ങൾ/തോടുകൾ എന്നിവയുടെ സംരക്ഷണ പുനരുദ്ധാരണ പ്രവൃത്തികൾ സംസ്ഥാന ബജറ്റ് വിഹിതം ഉപയോഗിച്ച് ഏറ്റെടുക്കുകയാണ് ജലസേചനവകുപ്പ് നിലവിൽ ചെയ്തു വരുന്നത്.

സംസ്ഥാനത്തിലെ കാവുകളിലെ കുളങ്ങൾ, കാവുകളിൽ നിന്നും ഉത്ഭവിക്കുന്ന തോടുകൾ, മറ്റ് ഇതര ജലസ്രോതസ്സുകൾ എന്നിവയുടെ സംരക്ഷണവും പരിപാലനവും ബന്ധപ്പെട്ട് പ്രത്യേക പദ്ധതികൾ ഒന്നും തന്നെ ജലസേചന വകുപ്പിനു കീഴിൽ നിലവിൽ ഇല്ല.

(13.08.2024-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

## ശിപാർശ നമ്പർ 17

കാവുകൾ സംരക്ഷിക്കുന്നവർക്ക് നൽകുന്നതിനായി ഹരിത അവാർഡുകൾ ഏർപ്പെടുത്തണമെന്നും വിവിധ ഇനങ്ങളിൽ കാവ് സംരക്ഷണത്തിന് പ്രത്യേകമായി അവാർഡ്

ഏർപ്പെടുത്തി സംരക്ഷകർക്ക് പ്രോത്സാഹനം നൽകുന്നതിനും പരിസ്ഥിതി വകുപ്പ് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**<u>പരിസ്ഥിതി(എ) വകുപ്പ്</u>**

(സർക്കാർ കത്ത് നം. A2/99/2022-ENVT, തീയതി 15.02.2025)

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് പരിസ്ഥിതി സംരക്ഷണ രംഗത്തും ജൈവവൈവിധ്യ സംരക്ഷണ രംഗത്തും ശ്രദ്ധേയമായ പ്രവർത്തനങ്ങൾ കാഴ്ചവക്കുന്ന വ്യക്തികളെയും സംഘടനകളെയും വിദ്യാഭ്യാസ സ്ഥാപനങ്ങളെയും അംഗീകരിക്കുന്നതിന് 'കേരള സംസ്ഥാന ജൈവവൈവിധ്യ സംരക്ഷണ പുരസ്കാരം' എന്ന പേരിൽ അവാർഡ് ഏർപ്പെടുത്തിയിട്ടുണ്ട്. ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തി വരുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ ആഭിമുഖ്യത്തിൽ എല്ലാ വർഷവും ജൈവവൈവിധ്യ പുരസ്കാരങ്ങൾ നൽകി ആദരിച്ചു വരുന്നു. കാവ് പുനസ്ഥാപനം, അധിനിവേശ സസ്യജന്തുജാലങ്ങളുടെ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ, കാവുമായി ബന്ധപ്പെട്ട് വരുന്ന ജലാശയങ്ങളുടെ സംരക്ഷണം, ആഗോള താപനം ചെറുക്കാനായി നടത്തിയ പ്രാദേശിക ഇടപെടലുകൾ, ജൈവവൈവിധ്യ സംരക്ഷണ ബോധവൽക്കരണ പ്രവർത്തനങ്ങൾ എന്നിവ ഏറ്റെടുത്തു നടപ്പിലാക്കാനും അവ പ്രാദേശികതലത്തിൽ പ്രായോഗികമാക്കൽ എന്നതിനെ മാനദണ്ഡമാക്കിയുമാണ് അവാർഡ് നിർണ്ണയിക്കുന്നത്.

(14.05.2025-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

**<u>ശിപാർശ നമ്പർ 18</u>**

കാവുകളിലേക്ക് പുറംതള്ളുന്ന പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള ജൈവ-അജൈവ മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ മേൽനോട്ടത്തിൽ പ്രത്യേക പരിശീലനം ലഭിച്ച തൊഴിലാളികളെ ഉപയോഗപ്പെടുത്തി വൺ-ടൈം ക്ലീനിംഗ് പ്രോഗ്രാം നടത്തുന്നതിന് വേണ്ട നടപടികൾ പരിസ്ഥിതി, തദ്ദേശസ്വയംഭരണ വകുപ്പുകൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**<u>പരിസ്ഥിതി(എ) വകുപ്പ്</u>**

(സർക്കാർ കത്ത് നം. A2/99/2022-ENVT, തീയതി 15.02.2025)

കാവുകളിലെ ജൈവ-അജൈവ മാലിന്യങ്ങൾ ക്ലീൻ ചെയ്യുന്നതിന് കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ഒരു പദ്ധതി തയ്യാറാക്കി കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന് നൽകിയിരുന്നു. പ്രസ്തുത പ്രോജക്റ്റിലെ പ്രവൃത്തി തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി One Time Cleaning നടപ്പിലാക്കുന്നത് തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർക്ക് പരിഗണനയ്ക്കായി അയച്ചു കൊടുത്തിട്ടുണ്ട്.

(14.05.2025-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

**<u>ശിപാർശ നമ്പർ 19</u>**

കാവുകൾ കേന്ദ്രീകരിച്ച് എക്കോ ടൂറിസവുമായി ബന്ധപ്പെടുത്തി, 'അരോമ ടൂറിസം' പോലെയുള്ള അനുയോജ്യമായ വിനോദസഞ്ചാര പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

## വനം-വന്യജീവി(ഇ) വകുപ്പ്

(സർക്കാർ കത്ത് നം. ഇ1/62/2019/വനം, തീയതി 03.10.2024)

ബാഹ്യ ഇടപെടലുകളില്ലാതെ ആരാധനാലയങ്ങളോ വ്യക്തികളോ വിശ്വാസത്തിന്റെ ഭാഗമായോ അല്ലാതെയോ സംരക്ഷിച്ച് വരുന്ന പ്രകൃതിദത്തമായ ആവാസ വ്യവസ്ഥയാണ് കാവുകൾ. ആയതിനാൽ വിനോദ സഞ്ചാര പദ്ധതികൾ നടപ്പിലാക്കുന്നത് അഭികാമ്യമാണെന്ന് കാണുന്നില്ലായെന്ന് ബോധിപ്പിക്കുന്നു.

(14.11.2024-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

## ശിപാർശ നമ്പർ 20

അന്തർദേശീയ തലത്തിൽ കണ്ടൽക്കാടുകളുടെ ദിവസമായി (International Mangrove Day) പ്രഖ്യാപിച്ചിട്ടുള്ള ജൂലൈ 26-ന് സംസ്ഥാനത്തെ കാവുകൾ സംരക്ഷിച്ച് പരിപാലിക്കേണ്ടതിന്റെ ആവശ്യകതയും പ്രാധാന്യവും സംബന്ധിച്ച് സ്കൂൾ/കോളേജ് തലങ്ങളിൽ പ്രത്യേക പരിപാടികൾ/ബോധവൽക്കരണ ക്ലാസുകൾ/സെമിനാറുകൾ/പ്രദർശനങ്ങൾ/കാവുകളിലേയ്ക്ക് പഠന യാത്രകൾ തുടങ്ങിയവ സംഘടിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

## പൊതുവിദ്യാഭ്യാസ(ഡി) വകുപ്പ്

(സർക്കാർ കത്ത് നം. പൊ.വി.വ-ഡി2/497/2022 തീയതി 08.05.2024)

ഒൻപതാം ക്ലാസിലെ പരിഷ്കരിച്ച സാമൂഹിക ശാസ്ത്രം പാഠപുസ്തകത്തിന്റെ രണ്ടാം വാല്യത്തിൽ International Mangrove Day പറ്റിയുള്ള വിശദാംശം രേഖപ്പെടുത്തിയിട്ടുണ്ട്.

(13.08.2024-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

## പരിസ്ഥിതി(എ) വകുപ്പ്

(സർക്കാർ കത്ത് നം. A2/99/2022-ENVT, തീയതി 15.02.2025)

പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റിൽ നിന്നും സംസ്ഥാനത്തെ സ്കൂൾ കോളേജുകളിൽ ഭൂമിത്രസേനാ ക്ലബ്ബുകൾ മുഖേന കാവുകളുടെ സംരക്ഷണം സംബന്ധിച്ച ബോധവൽക്കരണപരിപാടികൾ നടപ്പിലാക്കി വരുന്നുണ്ട്. കുട്ടികൾക്കും യുവാക്കൾക്കും ഇടയിൽ പരിസ്ഥിതിയെക്കുറിച്ച് അവബോധവും മമതയും പ്രോത്സാഹിപ്പിക്കുന്നതിനായി ഹയർ സെക്കണ്ടറി സ്കൂളുകളിലും കോളേജ് തലങ്ങളിലും നടപ്പിലാക്കുന്ന പദ്ധതിയാണ് ഭൂമിത്രസേനാ ക്ലബ്ബുകൾ. നിലവിൽ 443 ഭൂമിത്രസേനാ ക്ലബ്ബുകൾ കേരളത്തിലുണ്ട്. ഈ ക്ലബ്ബുകൾ വർഷന്തോറും പരിസ്ഥിതി സംരക്ഷണവും അവബോധവും സംബന്ധിച്ച വിവിധ പ്രവർത്തനങ്ങൾ നടത്തി വരുന്നു. അവയിൽ കാവുകളുടെ സംരക്ഷണവും ഉൾപ്പെടുന്നു. ഭൂരിഭാഗം ക്ലബ്ബുകളും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി തങ്ങളുടെ സ്ഥാപനങ്ങളിലും സമീപപ്രദേശങ്ങളിലും കാവ് സംരക്ഷണത്തെക്കുറിച്ച് ബോധവൽക്കരണ പരിപാടികളും ആവാസ വ്യവസ്ഥാ പുനസ്ഥാപന പ്രവർത്തനങ്ങളും സംഘടിപ്പിച്ചിട്ടുണ്ട്. 2023-24 വർഷത്തിൽ പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റ് ഭൂമിത്രസേനാ ക്ലബ്ബുകളിലെ വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച 'Young reporters of the Environment' മത്സരത്തിൽ Neighborhood Documentation എന്ന വിഷയത്തിൽ വിവിധ ക്ലബ്ബുകളിലെ വിദ്യാർത്ഥികൾ വിവിധ കാവുകൾ സന്ദർശിച്ച് ലേഖനങ്ങൾ സമർപ്പിച്ചിട്ടുണ്ട്.

(14.05.2025-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

വനം-വന്യജീവി(ഇ) വകുപ്പ്

(സർക്കാർ കത്ത് നം. ഇ1/62/2019/വനം, തീയതി 03.10.2024)

അന്താരാഷ്ട്ര തലത്തിൽ കണ്ടൽ കാടുകളുടെ ദിവസമായി പ്രഖ്യാപിച്ചിട്ടുള്ള ജൂലൈ 26-ന് സംസ്ഥാനത്തെ കാവുകൾ സംരക്ഷിക്കുന്നതിന്റെ പ്രാധാന്യം സംബന്ധിച്ച് ബോധവൽക്കരണ പരിപാടികൾ വനം-വന്യജീവി വകുപ്പിൽ ഈ ആവശ്യത്തിന് അനുവദിക്കുന്ന ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടത്താവുന്നതാണ്.

(14.11.2024-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

ശിപാർശ നമ്പർ 21

നാഷണൽ ഗ്രീൻ കോർപ്സ്-ഇക്കോ ക്ലബ് പ്രോഗ്രാമിൽ ഉൾപ്പെടുന്ന സംസ്ഥാനത്തെ സ്കൂളുകൾ/കോളേജുകൾ നടത്തുന്ന പരിസ്ഥിതി സംബന്ധമായ പരിപാടികളിൽ സമീപമുള്ള കാവുകളെയും ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

പൊതുവിദ്യാഭ്യാസ (ഡി) വകുപ്പ്

(സർക്കാർ കത്ത് നം. പൊ.വി.വ-ഡി2/497/2022 തീയതി 08.05.2024)

പരിഷ്കരിച്ച 1, 3, 5, 7, 9 ക്ലാസുകളിലെ പാഠപുസ്തകങ്ങളുടെ ടീച്ചർ ടെക്സ്റ്റുകളുടെ നിർമ്മാണ പ്രവർത്തനം നടന്നു വരികയാണ്. ഇവയിൽ പരിസര പഠനം, സയൻസ്, ബയോളജി എന്നീ വിഷയങ്ങളിൽ ടീച്ചർ ടെക്സ്റ്റുകളിൽ സന്ദർഭോചിതമായ ഇടങ്ങളിൽ കാവുകളുടെ സംരക്ഷണം ഉൾപ്പെടുത്തുന്നതിന് ശ്രദ്ധിക്കുന്നതാണ്.

(13.08.2024-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

ഉന്നതവിദ്യാഭ്യാസ (കെ) വകുപ്പ്

(സർക്കാർ കത്ത് നം. കെ1/199/2022/ഉ.വി.വ, തീയതി 09.02.2023)

കോളേജുകളിൽ പ്രവർത്തിച്ച വരുന്ന പരിസ്ഥിതി ക്ലബ്ബുകളുടെയും നേച്ചർ ക്ലബ്ബുകളുടെയും ആഭിമുഖ്യത്തിൽ ബോധവൽക്കരണ ക്ലാസ്സുകൾ, സെമിനാറുകൾ, ചർച്ചകൾ തുടങ്ങിയവ സംഘടിപ്പിക്കുന്നതിനും കോളേജുകൾ നടത്തുന്ന പരിസ്ഥിതി സംബന്ധമായ പരിപാടികളിൽ സമീപമുള്ള കാവുകളെയും ഉൾപ്പെടുത്തുന്നതിനും, കോളേജ് ക്യാമ്പസ്സിന് ഉള്ളിലോ സമീപ പ്രദേശങ്ങളിലോ നിലനിൽക്കുന്ന കാവുകളുടെ സംരക്ഷണത്തിനും പരിപാലനത്തിനും സഹായമാകുന്ന നടപടികൾ സ്വീകരിക്കുന്നതിനും എല്ലാ സ്ഥാപന മേധാവികൾക്കും നിർദ്ദേശം നൽകുകയും അതിൻപ്രകാരമുള്ള നടപടികൾ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(21.06.2023-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

ശിപാർശ നമ്പർ 22

കാവുകളിൽ കാണപ്പെടുന്ന അപൂർവ്വയിനം വൃക്ഷ സസ്യലതാദികളുടെ ഒരു ജീൻ ബാങ്ക് (gene bank) ഉണ്ടാക്കണമെന്നും ആയതിന്റെ അടിസ്ഥാനത്തിൽ നാശോന്മുഖമാകാൻ സാധ്യതയുള്ളവയെ സംരക്ഷിക്കാൻ നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

**പരിസ്ഥിതി (എ) വകുപ്പ്**

(സർക്കാർ കത്ത് നം. A2/99/2022-ENVT, തീയതി 15.02.2025)

തദ്ദേശീയമായ വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളുടെ സംരക്ഷണത്തിനായുള്ള പദ്ധതിയുടെ ഭാഗമായി കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്, ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ & റിസർച്ച് സെന്ററുമായി (JNTBGRI) സഹകരിച്ച് കേരളത്തിലെ വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളുടെ സമഗ്ര പട്ടിക തയ്യാറാക്കിയിട്ടുണ്ട്. 2022-23-ലെ ജൈവ വൈവിധ്യ സംരക്ഷണ പദ്ധതിയിലെ 'conservation of red listed species' എന്ന പദ്ധതിയിൽ ഉൾപ്പെടുത്തുകയും 7 ജില്ലകളിലെ വിവിധ സ്ഥാപനങ്ങളിൽ സംരക്ഷണാലയമായി (conservatory) സംരക്ഷിക്കുന്നതിനുള്ള നടപടികൾ കേരളസംസ്ഥാന ജൈവവൈവിധ്യ ബോർഡ് സ്വീകരിച്ച് വരുന്നു.

(14.05.2025-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

**വനം-വന്യജീവി (ഇ) വകുപ്പ്**

**(സർക്കാർ കത്ത് നം. ഇ1/62/2019/വനം, തീയതി 03.10.2024)**

നിലവിലെ വനം വകുപ്പിന്റെ സാങ്കേതിക സംവിധാനം കാവുകളിൽ കാണപ്പെടുന്ന അപൂർവ്വയിനം വൃക്ഷലതാദികളുടെ ജീൻ ബാങ്കുകൾ തയ്യാറാക്കുന്നതിന് പര്യാപ്തമല്ല. ഇതുമായി ബന്ധപ്പെട്ട് ഗവേഷണം നടത്തുന്ന റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടുകൾ മുഖേന നടപ്പിലാക്കുന്നതാണ് അഭികാമ്യം.

(14.11.2024-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

**ശിപാർശ നമ്പർ 23**

സംസ്ഥാനത്തെ കാവുകളുടെ വിസ്തൃതി, ലൊക്കേഷൻ, അവയിലുള്ള ജീവികൾ, വൃക്ഷങ്ങൾ, സസ്യലതാദികൾ, ജലസ്രോതസ്സുകൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് പ്രസ്തുത വിവരങ്ങൾ ഉൾക്കൊള്ളുന്ന ഒരു സമഗ്ര ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം രൂപീകരിക്കണമെന്നും പ്രസ്തുത സംവിധാനം കാവുകളുടെ വികസന-സംരക്ഷണ പ്രവർത്തനങ്ങൾക്ക് ഉപയുക്തമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

**വനം-വന്യജീവി (ഇ) വകുപ്പ്**
**(സർക്കാർ കത്ത് നം. ഇ1/62/2019/വനം, തീയതി 03.10.2024)**

സംസ്ഥാനത്ത് നിലവിലുള്ള കാവുകളുടെ വിശദമായ വിവരശേഖരണം ഐ.എഫ്.കെ മുഖേന നടത്തി വനം-വന്യജീവി വകുപ്പിന്റെ പ്ലാനിങ് & ഡവലപ്മെന്റ് വിഭാഗത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ കാവുകളെക്കുറിച്ചുള്ള റിപ്പോർട്ടുകൾ ഇക്കാര്യത്തിലുള്ള വിവരശേഖരണത്തിന് ഉപയോഗപ്രദമാണ്.

**(14.11.2024-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)**

**അധ്യായം III**

**നടപടി റിപ്പോർട്ട് ലഭ്യമാകാത്ത ശിപാർശകളുടെ വിശദാംശങ്ങൾ**

| ക്രമ നമ്പർ | ശിപാർശ | വകുപ്പ് |
|---|---|---|

| | | |
|---|---|---|
| 1. | ശിപാർശ നം.2<br><br>കാവുകളെ വനമായി പ്രഖ്യാപിക്കാതെ വനം-വന്യജീവി നിയമ പ്രകാരമോ, ഉടമസ്ഥരുടെ സമ്മതത്തോടെയല്ലാതെ ജൈവവൈവിധ്യ നിയമ പ്രകാരമോ കാവുകളെ സംരക്ഷിക്കാനാകില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ ബന്ധപ്പെട്ട വകുപ്പുകൾ ചേർന്ന് ഒരു കമ്മിറ്റി രൂപീകരിച്ച് പ്രസ്തുത കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ കാവുകളെ സംബന്ധിച്ച് വിശദമായ കണക്കെടുപ്പും വിവരശേഖരണവും പഠനവും നടത്തി ആയതിന്റെ അടിസ്ഥാനത്തിൽ കാവുകളുടെ സംരക്ഷണത്തിനായി ഒരു വകുപ്പിനെ പ്രത്യേകമായി ചുമതലപ്പെടുത്തണമെന്നും പ്രസ്തുത വകുപ്പിന് കീഴിൽ കാവുകളുടെയും അനുബന്ധ ജലസ്രോതസ്സുകളുടേയും സംരക്ഷണ പ്രവർത്തനങ്ങൾ, പദ്ധതികൾ എന്നിവ നിയന്ത്രിക്കുന്നതിനായി ഒരു അതോറിറ്റി രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്ന സമഗ്രമായ നിയമനിർമ്മാണം നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | തദ്ദേശ സ്വയംഭരണ വകുപ്പ് |
| 2. | ശിപാർശ നം.3<br>ഏതൊരു ഭൂമിക്കും വസ്തുവിനുമെന്ന പോലെ കാവുകളുടെ ഉടമസ്ഥത തെളിയിക്കുന്നതിന് വില്ലേജ് ഓഫീസറുടെ കൈവശാവകാശ സർട്ടിഫിക്കറ്റും പട്ടയ രേഖയും കരമടച്ച രസീതും പ്രമാണവും ആണ് സ്വീകരിക്കാവുന്ന രേഖകളെന്ന് വിവിധ വകുപ്പുകൾ അറിയിച്ചിരിക്കുന്നു. എന്നാൽ പല കാവുകളും പാരമ്പര്യമായി തറവാടുകളുടെയും ട്രസ്റ്റുകളുടെയും മറ്റും കീഴിൽ വരുന്നതായും പല കാവുകളുടെയും ഉടമസ്ഥതയിൽ തർക്കം നിലനിൽക്കുന്നതായും സമിതി മനസ്സിലാക്കുന്നു. ഈ സാഹചര്യത്തിൽ മേൽപ്പറഞ്ഞ രേഖകൾ മാത്രം കാവുകളുടെ സംരക്ഷണത്തിന് പര്യാപ്തമല്ലെന്നതിനാൽ ഉടമസ്ഥതയിലുള്ള സങ്കീർണ്ണത ഒഴിവാക്കുന്നതിനും കാവിന്റെ സംരക്ഷണ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതിനും പര്യാപ്തമായ മറ്റു രേഖകൾ എന്തൊക്കെയായിരിക്കണമെന്ന് തീരുമാനിക്കുന്നതിനായി റവന്യൂ വകുപ്പിന്റെ മേൽനോട്ടത്തിൽ വനം-വന്യജീവി, പരിസ്ഥിതി, സാംസ്കാരിക-പുരാവസ്തു, തദ്ദേശ സ്വയംഭരണ വകുപ്പുകൾ ചേർന്ന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | തദ്ദേശ സ്വയംഭരണ വകുപ്പ്, റവന്യൂ (ദേവസ്വം) വകുപ്പ് |
| 3 | ശിപാർശ നം.5<br>സംസ്ഥാനത്തെ മിക്ക കാവുകളും അതിർത്തി നിർണ്ണയിച്ച് സംരക്ഷിക്കാത്തതുമൂലം കൈയ്യേറപ്പെടുകയും തൻമൂലം കാവുകളിലെ ഭൂമി നഷ്ടപ്പെട്ടുപോകുന്നതായും പരിവർത്തനം ചെയ്യപ്പെടുന്നതായും സമിതി മനസ്സിലാക്കുന്നു. ഇക്കാരണത്താൽ കാവുകളുടെ ജൈവവൈവിധ്യം നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ആയതിനാൽ കാവുകളിൽ നിന്നും നഷ്ടപ്പെട്ട് പോയ ഭൂമി വീണ്ടെടുത്ത് അതിർത്തികൾ കൃത്യമായി നിർണ്ണയിക്കണമെന്നും കാവുകളിൽ തദ്ദേശീയമായ സസ്യങ്ങളും വൃക്ഷങ്ങളും ഉപയോഗിച്ച് ജൈവവേലി സ്ഥാപിച്ച് സംരക്ഷിക്കുന്നതിന് വനം-വന്യജീവി, റവന്യൂ(ദേവസ്വം), പരിസ്ഥിതി, തദ്ദേശസ്വയംഭരണ വകുപ്പുകൾ ആവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | തദ്ദേശ സ്വയംഭരണ വകുപ്പ്, റവന്യൂ (ദേവസ്വം) വകുപ്പ് |

| | | |
|---|---|---|
| 4 | <u>ശിപാർശ നം.6</u><br>ദേവസ്വം ബോർഡുകളുടെ അധീനതയിൽ ആയിരുന്ന കാവുകളിലേതുപ്പെടെയുള്ള ഭൂമി റീസർവേയിലൂടെ സർക്കാർ ഭൂമിയായി തെറ്റായി ഇനം മാറ്റപ്പെട്ടതിനാൽ ദേവസ്വം ബോർഡുകൾക്ക് ഭൂനഷ്ടമുണ്ടായിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ഇത് ദേവസ്വം ബോർഡുകൾക്ക് കാവുകളെ സംരക്ഷിച്ച് നിലനിർത്തുന്നതിന് ഒരു വിലങ്ങുതടിയായി നിൽക്കുന്നു. ഈ സാഹചര്യത്തിൽ ദേവസ്വം ബോർഡിന്റെ കീഴിലെ ഭൂമി സർക്കാർ ഭൂമിയായി തെറ്റായി ഇനം മാറ്റപ്പെട്ടിട്ടുണ്ടോയെന്ന് പുന:പരിശോധിച്ച് ഉണ്ടെങ്കിൽ പിഴവുകൾ തിരുത്തണമെന്ന് റവന്യൂ വകുപ്പിനോട് സമിതി ശുപാർശ ചെയ്യുന്നു | റവന്യൂ (ദേവസ്വം) വകുപ്പ് |
| 5 | <u>ശിപാർശ നം.8</u><br>കാവുകളെ കണ്ടെത്തി ജൈവവൈവിധ്യ പൈതൃക കേന്ദ്രങ്ങളാക്കി പ്രഖ്യാപിക്കുന്നതിന് ജൈവവൈവിധ്യ ബോർഡിന് ശിപാർശ ചെയ്യുന്നതിനും ബയോ ഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മറ്റികൾ (BMC) മുഖേന ലഭ്യമാകുന്ന കേന്ദ്ര ഫണ്ട് വിനിയോഗിച്ച് BMC-കളുടെ മേൽനോട്ടത്തിൽ സംരക്ഷിക്കുന്നതിനും സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഫലപ്രദമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | തദ്ദേശ സ്വയംഭരണ വകുപ്പ് |
| 6 | <u>ശിപാർശ നം.10</u><br>ജനവാസ മേഖലയോട് ചേർന്ന് നിലകൊള്ളുന്ന കാവുകളിലെ വൃക്ഷങ്ങളുടെ വേരുകൾ, വള്ളി പടർപ്പുകൾ എന്നിവ സമീപത്തെ വീടുകളിലേക്ക് പടരുന്ന സാഹചര്യത്തിൽ ആയവ മുറിച്ച് മാറ്റുന്നതിന് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വീട്ടുടമസ്ഥർക്ക് വേണ്ട സഹായം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | തദ്ദേശ സ്വയംഭരണ വകുപ്പ് |
| 7 | <u>ശിപാർശ നം.15</u><br>കാവുകളിൽ കണ്ടുവരുന്ന നൂറ്റാണ്ടുകൾ പഴക്കമുള്ള വൻമരങ്ങൾ അന്യംനിന്നു പോകാതെ തൈകൾ ഉൽപാദിപ്പിച്ച് സംരക്ഷിക്കുന്നതോടൊപ്പം മണ്ണൊലിപ്പും ഇത്തിൾക്കണ്ണികളുടെ പടർന്നു കയറ്റവുംമൂലം നിലവിൽ കാവുകളിൽ നിലനിൽക്കുന്ന മരങ്ങൾ കടപുഴകുന്നതിൽ നിന്നും ആയവയെ സംരക്ഷിക്കുന്നതിനും വനം-വന്യജീവി, പരിസ്ഥിതി, തദ്ദേശസ്വയംഭരണ വകുപ്പുകൾ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | തദ്ദേശ സ്വയംഭരണ വകുപ്പ് |
| | <u>ശിപാർശ നം.16</u><br>കാവുകളിൽ കണ്ടുവരുന്ന സ്വാഭാവിക ജലസ്രോതസ്സുകൾ മലിനമാകാതെ സംരക്ഷിക്കുന്നതിനും തനിമ നിലനിർത്തുന്നതിനും ആയവയിൽ കാവുകൾക്ക് പുറത്തേക്ക് | തദ്ദേശ |

| | | |
|---|---|---|
| 8 | ഒഴുകുന്ന ഉറവകൾ, പുഴകൾ തുടങ്ങിയവ ജലസേചനത്തിന് കൂടി ഉപയോഗപ്പെടുന്ന വിധത്തിൽ പരിരക്ഷിക്കുന്നതിനും തദ്ദേശസ്വയംഭരണ, ജലവിഭവ വകുപ്പുകൾ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | സ്വയംഭരണ വകുപ്പ് |
| 9 | ശിപാർശ നം.18<br>കാവുകളിലേക്ക് പുറംതള്ളുന്ന പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള ജൈവ-അജൈവ മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ മേൽനോട്ടത്തിൽ പ്രത്യേക പരിശീലനം ലഭിച്ച തൊഴിലാളികളെ ഉപയോഗപ്പെടുത്തി വൺ-ടൈം ക്ലീനിംഗ് പ്രോഗ്രാം നടത്തുന്നതിന് വേണ്ട നടപടികൾ പരിസ്ഥിതി, തദ്ദേശസ്വയംഭരണ വകുപ്പുകൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | തദ്ദേശ സ്വയംഭരണ വകുപ്പ് |
| 10 | ശിപാർശ നം.19<br>കാവുകൾ കേന്ദ്രീകരിച്ച് എക്കോ ടൂറിസവുമായി ബന്ധപ്പെടുത്തി, 'അരോമ ടൂറിസം' പോലെയുള്ള അനുയോജ്യമായ വിനോദസഞ്ചാര പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | വിനോദസഞ്ചാര വകുപ്പ് |
| 11 | ശിപാർശ നം.20<br>അന്തർദേശീയ തലത്തിൽ കണ്ടൽക്കാടുകളുടെ ദിവസമായി (International Mangrove Day) പ്രഖ്യാപിച്ചിട്ടുള്ള ജൂലൈ 26-ന് സംസ്ഥാനത്തെ കാവുകൾ സംരക്ഷിച്ച് പരിപാലിക്കേണ്ടതിന്റെ ആവശ്യകതയും പ്രാധാന്യവും സംബന്ധിച്ച് സ്കൂൾ/കോളേജ് തലങ്ങളിൽ പ്രത്യേക പരിപാടികൾ/ബോധവൽക്കരണ ക്ലാസുകൾ/സെമിനാറുകൾ/പ്രദർശനങ്ങൾ/കാവുകളിലേയ്ക്ക് പഠന യാത്രകൾ തുടങ്ങിയവ സംഘടിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | ഉന്നത വിദ്യാഭ്യാസ വകുപ്പ് |

## അദ്ധ്യായം IV

**സമിതിയുടെ തുടർ ശിപാർശകൾ/നിർദ്ദേശങ്ങൾ**

1. കാവുകളെ വനമായി പ്രഖ്യാപിക്കാതെ വനം-വന്യജീവി നിയമ പ്രകാരമോ, ഉടമസ്ഥരുടെ സമ്മതത്തോടെയല്ലാതെ കോർപ്പറേഷൻ/ നിയമ പ്രകാരമോ കാവുകളെ സംരക്ഷിക്കാനാകില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ ബന്ധപ്പെട്ട വകുപ്പുകൾ ചേർന്ന് ഒരു കമ്മിറ്റി രൂപീകരിച്ച് പ്രസ്തുത കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ കാവുകളെ സംബന്ധിച്ച് വിശദമായ കണക്കെടുപ്പും വിവരശേഖരണവും പഠനവും നടത്തി ആയതിന്റെ അടിസ്ഥാനത്തിൽ കാവുകളുടെ സംരക്ഷണത്തിനായി ഒരു വകുപ്പിനെ പ്രത്യേകമായി ചുമതലപ്പെടുത്തണമെന്നും പ്രസ്തുത വകുപ്പിന് കീഴിൽ കാവുകളുടെയും അനുബന്ധ ജലസ്രോതസ്സുകളുടേയും സംരക്ഷണ പ്രവർത്തനങ്ങൾ, പദ്ധതികൾ എന്നിവ നിയന്ത്രിക്കുന്നതിനായി ഒരു അതോറിറ്റി രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്ന സമഗ്രമായ നിയമനിർമ്മാണം നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന സമിതി ശിപാർശയിന്മേൽ സ്വീകരിച്ച തുടർനടപടി സംബന്ധിച്ച റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കാൻ തദ്ദേശ സ്വയംഭരണവകുപ്പിനോട് സമിതി നിർദേശിക്കുന്നു.

2. ഏതൊരു ഭൂമിക്കും വസ്തുവിനുമെന്ന പോലെ കാവുകളുടെ ഉടമസ്ഥത തെളിയിക്കുന്നതിന് വില്ലേജ് ഓഫീസറുടെ കൈവശാവകാശ സർട്ടിഫിക്കറ്റും പട്ടയ രേഖയും കരമടച്ച രസീതും പ്രമാണവും ആണ് സ്വീകരിക്കാവുന്ന രേഖകളെന്ന് വിവിധ വകുപ്പുകൾ അറിയിച്ചിരിക്കുന്നു. എന്നാൽ പല കാവുകളും പാരമ്പര്യമായി തറവാടുകളുടെയും ട്രസ്റ്റുകളുടെയും മറ്റും കീഴിൽ വരുന്നതായും പല കാവുകളുടെയും

ഉടമസ്ഥതയിൽ തർക്കം നിലനിൽക്കുന്നതായും സമിതി മനസ്സിലാക്കുന്നു. ഈ സാഹചര്യത്തിൽ മേൽപ്പറഞ്ഞ രേഖകൾ മാത്രം കാവുകളുടെ സംരക്ഷണത്തിന് പര്യാപ്തമല്ലെന്നതിനാൽ ഉടമസ്ഥതയിലുള്ള സങ്കീർണ്ണത ഒഴിവാക്കുന്നതിനും കാവിന്റെ സംരക്ഷണ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതിനും പര്യാപ്തമായ മറ്റു രേഖകൾ എന്തൊക്കെയായിരിക്കണമെന്ന് തീരുമാനിക്കുന്നതിനായി റവന്യൂ വകുപ്പിന്റെ മേൽനോട്ടത്തിൽ വനം-വന്യജീവി, പരിസ്ഥിതി, സാംസ്കാരിക-പുരാവസ്തു, തദ്ദേശ സ്വയംഭരണ വകുപ്പുകൾ ചേർന്ന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന സമിതി ശിപാർശയിന്മേൽ സ്വീകരിച്ച തുടർനടപടി സംബന്ധിച്ച റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കാൻ തദ്ദേശ സ്വയംഭരണ വകുപ്പിനോട് സമിതി നിർദേശിക്കുന്നു.

3. സംസ്ഥാനത്തെ മിക്ക കാവുകളും അതിർത്തി നിർണ്ണയിച്ച് സംരക്ഷിക്കാത്തതുമൂലം കൈയ്യേറപ്പെടുകയും തൻമൂലം കാവുകളിലെ ഭൂമി നഷ്ടപ്പെട്ടുപോകുന്നതായും പരിവർത്തനം ചെയ്യപ്പെടുന്നതായും സമിതി മനസ്സിലാക്കുന്നു. ഇക്കാരണത്താൽ കാവുകളുടെ ജൈവവൈവിധ്യം നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ആയതിനാൽ കാവുകളിൽ നിന്നും നഷ്ടപ്പെട്ട് പോയ ഭൂമി വീണ്ടെടുത്ത് അതിർത്തികൾ കൃത്യമായി നിർണ്ണയിക്കണമെന്നും കാവുകളിൽ തദ്ദേശീയമായ സസ്യങ്ങളും വൃക്ഷങ്ങളും ഉപയോഗിച്ച് ജൈവവേലി സ്ഥാപിച്ച് സംരക്ഷിക്കുന്നതിന് വനം-വന്യജീവി, റവന്യൂ (ദേവസ്വം), പരിസ്ഥിതി, തദ്ദേശസ്വയംഭരണ വകുപ്പുകൾ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന സമിതി ശിപാർശയിന്മേൽ സ്വീകരിച്ച തുടർനടപടി സംബന്ധിച്ച റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കാൻ തദ്ദേശ സ്വയംഭരണ, റവന്യൂ (ദേവസ്വം) വകുപ്പുകളോട് സമിതി നിർദേശിക്കുന്നു.

4. ദേവസ്വം ബോർഡുകളുടെ അധീനതയിലായിരുന്ന കാവുകളിലേതുൾപ്പെടെയുള്ള ഭൂമി റീ സർവ്വേയിലൂടെ സർക്കാർ ഭൂമിയായി തെറ്റായി ഇനം മാറ്റപ്പെട്ടതിനാൽ ദേവസ്വം ബോർഡുകൾക്ക് ഭൂനഷ്ടമുണ്ടായിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ഇത് ദേവസ്വം ബോർഡുകൾക്ക് കാവുകളെ സംരക്ഷിച്ച് നിലനിർത്തുന്നതിന് ഒരു വിലങ്ങുതടിയായി നിൽക്കുന്നു. ഈ സാഹചര്യത്തിൽ ദേവസ്വം ബോർഡിന്റെ കീഴിലെ ഭൂമി സർക്കാർ ഭൂമിയായി തെറ്റായി ഇനം മാറ്റപ്പെട്ടിട്ടുണ്ടോയെന്ന് പുനഃപരിശോധിച്ച് ഉണ്ടെങ്കിൽ പിഴവുകൾ തിരുത്തി വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് റവന്യൂ (ദേവസ്വം) വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.

5. കാവുകളെ കണ്ടെത്തി ജൈവവൈവിധ്യ പൈതൃക കേന്ദ്രങ്ങളാക്കി പ്രഖ്യാപിക്കുന്നതിന് ജൈവവൈവിധ്യ ബോർഡിന് ശിപാർശ ചെയ്യുന്നതിനും ബയോ ഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റികൾ (BMC) മുഖേന ലഭ്യമാകുന്ന കേന്ദ്രഫണ്ട് വിനിയോഗിച്ച് BMC-കളുടെ മേൽനോട്ടത്തിൽ സംരക്ഷിക്കുന്നതിനും സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിച്ച നടപടി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.

6. ജനവാസ മേഖലയോട് ചേർന്ന് നിലകൊള്ളുന്ന കാവുകളിലെ വൃക്ഷങ്ങളുടെ വേരുകൾ, വള്ളി പടർപ്പുകൾ എന്നിവ സമീപത്തെ വീടുകളിലേക്ക് പടരുന്ന സാഹചര്യത്തിൽ ആയവ മുറിച്ച് മാറ്റുന്നതിന് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വീട്ടുടമസ്ഥർക്ക് വേണ്ട സഹായം നൽകണമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പിനോട് ശിപാർശ ചെയ്യുന്നു.

7. കാവുകളിൽ കണ്ടുവരുന്ന നൂറ്റാണ്ടുകൾ പഴക്കമുള്ള വൻമരങ്ങൾ അന്യംനിന്നു പോകാതെ തൈകൾ ഉൽപാദിപ്പിച്ച് സംരക്ഷിക്കുന്നതോടൊപ്പം മണ്ണൊലിപ്പും ഇത്തിൾക്കണ്ണികളുടെ പടർന്നു കയറ്റവുംമൂലം നിലവിൽ കാവുകളിൽ നിലനിൽക്കുന്ന മരങ്ങൾ കടപുഴകുന്നതിൽ നിന്നും ആയവയെ സംരക്ഷിക്കുന്നതിനും തദ്ദേശസ്വയംഭരണ വകുപ്പ് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

8. കാവുകളിൽ കണ്ടുവരുന്ന സ്വാഭാവിക ജലസ്രോതസ്സുകൾ മലിനമാകാതെ സംരക്ഷിക്കുന്നതിനും തനിമ നിലനിർത്തുന്നതിനും ആയവയിൽ കാവുകൾക്ക് പുറത്തേക്ക് ഒഴുകുന്ന ഉറവകൾ, പുഴകൾ തുടങ്ങിയവ ജലസേചനത്തിന് കൂടി ഉപയോഗപ്പെടുന്ന വിധത്തിൽ പരിരക്ഷിക്കുന്നതിനും തദ്ദേശ സ്വയംഭരണ വകുപ്പ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

9. കാവുകളിലേക്ക് പുറംതള്ളുന്ന പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള ജൈവ അജൈവ മാലിന്യങ്ങൾ

നിർമ്മാർജ്ജനം ചെയ്യുന്നതിന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ മേൽനോട്ടത്തിൽ പ്രത്യേക പരിശീലനം ലഭിച്ച തൊഴിലാളികളെ ഉപയോഗപ്പെടുത്തി വൺ-ടൈം ക്ലീനിംഗ് പ്രോഗ്രാം നടത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.

10. കാവുകൾ കേന്ദ്രീകരിച്ച് എക്കോ ടൂറിസവുമായി ബന്ധപ്പെടുത്തി, 'അരോമ ടൂറിസം' പോലെയുള്ള അനുയോജ്യമായ വിനോദസഞ്ചാര പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കണമെന്ന് വിനോദസഞ്ചാര വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.

11. അന്തർദേശീയ തലത്തിൽ കണ്ടൽക്കാടുകളുടെ ദിവസമായി (International Mangrove Day) പ്രഖ്യാപിച്ചിട്ടുള്ള ജൂലൈ 26-ന് സംസ്ഥാനത്തെ കാവുകൾ സംരക്ഷിച്ച് പരിപാലിക്കേണ്ടതിന്റെ ആവശ്യകതയും പ്രാധാന്യവും സംബന്ധിച്ച് കോളേജ് തലങ്ങളിൽ പ്രത്യേക പരിപാടികൾ/ബോധവൽക്കരണ ക്ലാസുകൾ/സെമിനാറുകൾ/പ്രദർശനങ്ങൾ/കാവുകളിലേയ്ക്ക് പഠന യാത്രകൾ തുടങ്ങിയവ സംഘടിപ്പിക്കണമെന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.

ഇ. കെ. വിജയൻ
ചെയർപേഴ്സൺ
പരിസ്ഥിതി സംബന്ധിച്ച സമിതി

തിരുവനന്തപുരം
24.02.2026

# RESULT OF STUDY

**Annexure**

A consolidated information about the number of sacred groves and extent of wooded area spread over in the various districts of the state is furnished hereunder.

| Sl. No | Name o district | Number of SGs | Extent of Wooded area (Ha) |
|---|---|---|---|
| 1 | Thiruvananthapuram | 452 | 46 |
| 2 | Kollam | 895 | 98 |
| 3 | Pathanamthitta | 721 | 56 |
| 4 | Alappuzha | 2242 | 183 |
| 5 | Kottayam | 562 | 34 |
| 6 | Idukki | 32 | 3 |
| 7 | Thrissur | 970 | 33 |
| 8 | Palakkad | 184 | 22 |
| 9 | Kozhikode | 1228 | 140 |
| 10 | Kannur | 1096 | 652 |
| 11 | Kasargode | 392 | 148 |
| 12 | Malappuarm | 1120 | 88 |
| 13 | Ernakulam | 708 | 63 |
| 14 | Wayanad | 137 | 25 |
| | Total | 10739 Nos. | 1591Ha. (3930 Acres) |

The extent of wooded area assessed is only by ocular estimation and not by conducting survey or by perusing any legal documents. The noteworthy information gathered through this study is the very existence of a highly rich vegetation with very vast diversity in floral composition. A consolidated statement showing the area wise distribution of SGs is furnished hereunder.

| Sl No | District | SGs lees than 5 cents | | SGs 5 to 50 cents | | SGs 51 to 100 cents | | SGs 101 to 500 cents | | SGs Above 500 cents | |
|---|---|---|---|---|---|---|---|---|---|---|---|
| | | Number | Extent | Number | Extent | Number | Extent | Number | Extent | Number | Extent |
| 1 | Trivandrum | 77 | 303 | 346 | 7235 | 16 | 1190 | 13 | 2538 | -- | -- |
| 2 | Kollam | 142 | 666 | 654 | 13559 | 74 | 5698 | 25 | 4091 | -- | -- |
| 3 | Pathanamthitta | 4 | 16 | 676 | 9672 | 28 | 2417 | 13 | 2350 | -- | -- |
| 4 | Alappuzha | 365 | 1359 | 1734 | 26085 | 112 | 8622 | 37 | 6817 | 3 | 2200 |
| 5 | Kottayam | 247 | 1073 | 294 | 4177 | 16 | 1092 | 4 | 995 | 1 | 1100 |
| 6 | Idukki | 5 | 15 | 24 | 428 | 3 | 300 | -- | -- | -- | -- |
| 7 | Ernakulam | 277 | 850 | 396 | 5609 | 27 | 2355 | 7 | 1153 | 2 | 5500 |
| 8 | Thrissur | 705 | 2144 | 235 | 3359 | 13 | 880 | 7 | 1656 | -- | -- |
| 9 | Palakkad | 116 | 348 | 58 | 986 | 5 | 383 | 4 | 1225 | 1 | 2500 |
| 10 | Malappuram | 8 | 31 | 1064 | 12146 | 26 | 2257 | 20 | 5434 | 2 | 2000 |
| 11 | Kozhikode | 328 | 1316 | 804 | 12521 | 56 | 4552 | 32 | 7008 | 8 | 9025 |
| 12 | Wayanad | -- | -- | 118 | 1916 | 8 | 715 | 10 | 3020 | 1 | 600 |
| 13 | Kannur | 29 | 146 | 930 | 16971 | 63 | 5600 | 58 | 14819 | 16 | 27621 |
| 14 | Kasargode | 49 | 218 | 225 | 5352 | 54 | 4857 | 57 | 13451 | 7 | 12676 |
| | | 2352 | 8485 | 7558 | 120016 | 501 | 40918 | 287 | 64557 | 41 | 63222 |

From the above analysis it is observed that the distribution of very large SGs is more concentrated in the northern districts of Kerala, especially Kasaragod, Kozhikode, Kannur and Ernakulam. There are 287 SGs having area more than one acre to 5 Acres and 41 SGs having area more than 5 acres. These large and very large SGs need special prescriptions while deciding conservation strategies.

Son of the very large Sacred Groves are the following: -

| District | Taluk | Name of Sacred Grove | Extent(Acre) | Managed by |
|---|---|---|---|---|
| Ernakulam | Kunnathunad | Iringole Kavu | 25 „ | Devasam Board |
| | „ | Kallil Bhagavathy Guha Kshethra kavu | 30 „ | Devasam Board |
| | | | | |
| Palakkad | Alathur | Parakkattu Bhagavathy Kshethra kavu | 25 „ | Devasam Board |
| | | | | |
| Kozhikode | Kozhikode | Vallikkad kavu | 24 „ | Devasam |
| | Koilandy | Muchikkunnu kottayil temple kavu | 20 „ | Public Trust |
| | | | | |
| Kannur | Thaliparamba | Deviyottu kavu | 72 „ | Public Trust |
| | „ | Vereekkara kavu | 25 „ | Devasam |
| | „ | Sree Kariyath kottam kavu | 50 „ | Devasam |
| | „ | Neeliar kottam | 20 „ | Public Trust |
| | Iritty | Akkara Kottiyoor koteri kavu | 25 „ | Devasam |
| | | | | |
| Kasargode | Hosdurg | Guruvanam | 35 „ | Public Trust |
| | Vellarikunda | Kammadan kavu | 48 „ | Devasam |

It is only a list of SGs which are large as far as extent is considered. Other SGs which have an extent of one acre to 5 acres or even less are equally important considering its floristic composition and other ecological factors.

The results from the study in each district were subjected to detailed analysis with regard to the total number, extent, ownership, management etc and explained in the reports pertaining to each district. It is to be understood that these pockets with its complex vegetation is protected and conserved by its custodians out of traditions, religious belief and other social reasons. It also emphasises the need for extending support for conserving this bio diversity pockets.

**Management Details of Sacred Groves**

Regarding ownership/management of the Sacred Groves, it can be classified under three categories;

1. Sacred Groves owned/managed by Government Devasom Boards/Temple Devasam
2. Sacred Groves owned/managed by Public Trusts/ Janakeeya Committees
3. Sacred Groves owned/managed by Induviduals/Families/Family Trusts

These details have been explained in the report of each district, taluk wise. An abstract o the State-wide picture is furnished here under:-

| | |
|---|---|
| SGs managed by Government/Devaswam Board/Temple Devasams | 369 Nos. |
| SGs managed by PublisTrusts/ Janakeeya Committee | 1267 „ |
| SGs managed by Private induviduals/Families/Family Trusts | 9103 „ |
| **Total** | **10739 Nos.** |